മാസപ്രതി

മദ്ധ്യസ്ഥൻ



പുസ്തകം 6) 1934 ഫെബ്രുവരി (ലക്കം 8

Licence No, 183,

വിഷയവിവരണിക.

1 മഹാത്മാവായ മാർ യൌസപ്പിൻ ജീവചരിത്രം
2 കത്തോലിക്കരുടെ ഐക്യത്തേയും ഭൂമണ്ഡലീയേയും സ്തുതിക്കുന്നു.
3 ധന്യസംജ്ഞയുള്ള ഒരുക്കങ്ങൾ
4 വി. ഗബ്രിയേൽ പസ്സ്യോന്തി.
5 ഇംഗ്ലീഷ്കാരുടെ 47–ാമത്തെ തിരുനാൾ
6 ബെർണാദീത്തായുടെ രണ്ടുകത്തുകൾ
7 സ്വർഗ്ഗീയഗീതം (കവിത)
8 ദ. വി. പ്രാപിക്കുന്നതിനു പ. പിതാവിന്റെ നിയോഗപ്രകാരം വേണ്ട പ്രാർത്ഥന
9 ഗ്രീക്കുശിശു
10 സ്ക്കൗട്ടപ്രസ്ഥാനം II
11 ജനസംഖ്യ വർദ്ധനവു്
12 ജ. അ. സഖ്യം
13 ഭാരതമിഷൻരംഗം
14 ലഘുപാപം
15 കുറിപ്പുകൾ
16 കത്തോലിക്കാര്യം
17 പരസ്യങ്ങൾ
18 പഞ്ചാംഗം

പുതിയപുസ്തകം! പുതിയ പുസ്തകം!!

"തിരുരക്തവണക്കം"

ധ്യാനഗുരുവും ഗ്രന്ഥകാരനുമായ

ഫാദർ

മാത്യു ആലക്കളത്തിൽ

അവർകളാൽ വിരചിതം!

നമ്മുടെ രക്ഷയുടെ വിലയായ തിരുരക്തത്തെ, പ്രത്യേകിച്ചും ഈ കഷ്ടാനുഭവ ജൂബിലി വത്സരത്തിൽ, വിശ്വാസികളിൽ ശ്രദ്ധാപൂർവ്വമാക്കുന്നതിനും, ജ്ഞാനവായനയ്ക്കും ജൂലൈമാസ വണക്കത്തിനും ഉപയോഗിക്കുന്നതിനും ഏറ്റവും പ്രയോജനപ്പെടുന്ന ഒരു പുതിയ പുസ്തകം. വില ചക്രം വ.

മദ്ധ്യസ്ഥൻ ആപ്പീസ്, ചങ്ങനാശ്ശേരി.

മദ്ധ്യസ്ഥൻ.

പുസ്തകം ന്യ. | ഫൻന്വർ ഫെബ്രുവരി. | വക്കം വ്യ.

മഹാത്മാവായ

മാർ യെഗസേപ്പിന്റെ ജീവചരിത്രം.

അദ്ധ്യായം ഫവ്യ. തുടർച്ച.

ന്വ. ദാരിദ്ര്യം. പിറേറദിവസം കാലത്തു ഭക്ഷണസാധനങ്ങൾ വാങ്ങിക്കുവാൻ യെഗസേപ്പു ചന്തയ്ക്കു പോയി. അയൽവാസികളിൽ മറിയത്തിന്റെ ദരിദ്രസ്ഥിതികണ്ടു് അവളെ അനുശോചിക്കുകയും അവർക്കു ആവശ്യമുള്ള ഗൃഹോപകരണങ്ങൾ ദാനം ചെയ്കയും ചെയ്തു. അത്യന്തം കൃതജ്ഞതയോടെ മറിയം അവയൊക്കയും സ്വീകരിച്ചു. ഭർത്തൃസമ്മാനങ്ങളുമായി യെഗസേപ്പു് വീട്ടിൽ തിരിച്ചു വന്നപ്പോൾ, അവനെ അയൽവാസികളുടെ ഔദാര്യഫലങ്ങളായ സാമാനങ്ങൾ മറിയം കാണിക്കുകയും, ദൈവപരിപാലനയെ സ്തുതിച്ചുകൊണ്ടു യാഹോവായ്ക്കു അവരിരുവരും ഉപകാരസ്മരണചെയ്കയും ചെയ്തു.

ര്. വേലകിട്ടുന്നു. അയല്ക്കാരുടെ നന്മനസ്സിനെ മാത്രം ആശ്രയിച്ചു കാലക്ഷേപം കഴിക്കുന്നതിനുള്ള വൈമനസ്യത്താൽ യെഗസേപ്പു വേല അന്വേഷിപ്പാൻ തുടങ്ങി. കാലതാമസംകൂടാതെ യെഗസേപ്പിനു ധാരാളം മരപ്പണിയും മറിയത്തിനു തയ്യൽ ജോലിയും കിട്ടി. അവയുടെ കൂലികൊണ്ടു തങ്ങളുടെ അത്യാവശ്യങ്ങൾ അവർ നടത്തുകയും ബാക്കി സാധുക്കൾക്കു ധർമ്മം കൊടുക്കുകയും ചെയ്തു.

കത്തോലിക്കരുടെ ഐകൃത്തേയും ഉജ്ജ്വബുദ്ധിയേയും സ്തുതിക്കുന്നു.

ക്രിസ്തുമസ്സ് വാരത്തിൽ സമ്മേളിക്കപ്പെട്ട കത്തോലിക്ക കോൺഗ്രസ്സിനെ ക്രോഡീകരിച്ച് 'മദ്രാസ് മെയിൽ' പ്രസിദ്ധപ്പെടുത്തിയ ഒരു മുഖപ്രസംഗത്തിൽ ഇപ്രകാരം കാണുന്നു.

"ഈ ആഴ്ചയിൽ മദ്രാസിൽ വെച്ചുനടന്ന കത്തോലിക്ക കോൺഗ്രസ്സിൽ എന്നതിനെക്കാൾ ശോഭയമാനമായി റോമാസഭയുടെ ഐക്യം ഒരിക്കലും പ്രത്യക്ഷപ്പെട്ടിട്ടില്ല. ഈ കോൺഗ്രസ്സിൽ സമ്മേളിച്ചവർ അടിമകളെപ്പോലെ ഏക ആശയത്തിനു കീഴ്പ്പെട്ടിരുന്നു എന്നല്ലാ ഞങ്ങൾ അർത്ഥമാക്കുന്നതു്. ഈ മഹാപരിഷത്തിലേ അഭിപ്രായങ്ങൾ തന്നെ വിവിധങ്ങളും കാര്യപരിപാടി വിസ്തൃതവും വിവാദങ്ങൾ സ്വതന്ത്രവും ആശയപ്രകടനരീതി നിഷ്കപടവും ആയിരുന്നു. ഇതിലെല്ലാം അന്തർല്ലീനമായിരിക്കുന്ന ഐക്യം നിരീക്ഷകനു് പ്രത്യേകം ആകർഷണീയമായിത്തോന്നി. ഇൻഡ്യൻ കത്തോലിക്ക സഭയുടെ ഉദ്ദേശം സുവിശേഷ പ്രസംഗമാണെന്നു് പ്രകടമായി പ്രസ്താവിച്ചിരുന്നു. സഭയുടെ സർവപ്രധാനോദ്ദേശ്യം ഇതു സ്പഷ്ടമായി വെളിപ്പെടുത്തിയിരിക്കുന്നതു് ശ്രദ്ധേയമത്രെ. സുവിശേഷപ്രചരണം അപ്രധാനോദ്ദേശം എന്നു് പറഞ്ഞു് ഒരുത്തനും വഞ്ചിക്കപ്പെടുന്നില്ല. ഇപ്രകാരമുള്ള കപടമാർഗ്ഗങ്ങൾ പ്രയോഗിക്കുന്നവർ, തെളിവായ കല്പന നൽകിയിരിക്കുന്ന തങ്ങളുടെ ഉത്തമാഥനോടു് കൃതഘ്നത പ്രദർശിപ്പിക്കുകയാണു് ചെയ്യുന്നതു്. ഏതാദ്ദേശോപായങ്ങൾ പരിപൂർണ്ണനിഷിദ്ധങ്ങൾ തന്നെ. എന്തെന്നാൽ ക്രിസ്തീയസംഘടനകളുടെ കാര്യപരിപാടി വിപ്ലവപരമോ സ്പോടകവരാപ്രഭൃതപ്രധാനമോ അല്ല. രാഷ്ട്രീയകാര്യം പോലെ മാനസാന്തരം സാധിക്കുന്നതു് കാരുബലം, ഭയപ്പെടുത്തൽ മുതലായ നിന്ദ്യമാർഗ്ഗങ്ങൾ മൂലമല്ല. പ്രത്യുത ഇതു് വ്യക്തിസ്വാതന്ത്ര്യത്തിന്റെ ഫലമാണു്. ഇതിനു് അവരെ പ്രേരിപ്പിച്ച സാഹചര്യങ്ങൾ നാനാതരത്തിലുള്ളവ ആയിരിക്കാം. വിലയുടെ മതാശ്ലേഷത്തിനു് കാരണം വിശ്വാസവും പ്രതിപത്തിയുമല്ലായിരിക്കാം. ഇവരുടെ പ്രേരണകം ഏതു തന്നെ ആയിരുന്നാലും അതു് തീർച്ചയായും നിർബന്ധപൂർവമല്ല. ഇപ്രകാരം റോമാസഭയോ അന്യസഭകളോ തങ്ങളുടെ ഉദ്ദേശം പ്രഖ്യാപനം ചെയ്യുമ്പോൾ അതിനെ ആദരിക്കേണ്ടതു് മറ്റുള്ളവരുടെ കർത്തവ്യമാണു്.

അധികാരപത്രം,

"മദ്ധ്യസ്ഥൻ" മാസികവരിപ്പണം, മാനേജരുടെയൊപ്പും ആഫീസുമുദ്രയും ഉള്ളതായ അച്ചടിച്ച അധികാരപത്രവും രസീതുബുക്കുകളുംകൊടുത്തു് ഇവിടെനിന്നുംനേരിട്ടയക്കുന്നവരെ അല്ലാതെ യാതൊരുത്തരേയും ഏർപ്പിക്കാൻ പാടില്ലെന്നുള്ളവിവരം വീണ്ടും മാന്യവരിക്കാരെ അറിയിച്ചുകൊള്ളുന്നു.

പണം കൊടുക്കുന്നതിനു മുൻപായി മാന്യവരിക്കാർ അധികാരപത്രത്തിലെ വ്യവസ്ഥകൾ വായിച്ചുനോക്കേണ്ടതാകുന്നു.

മാനേജർ

ധന്യസംജ്ഞയ്ക്കുള്ള ഒരുക്കങ്ങൾ.

(റവ. എൽ. ജെ. ചിറ്റൂർ. പ്രൊപ്പഗാന്താകോളേജ് റോമാ)

ഒരാളിന്റെ ജീവിതവിശുദ്ധി കത്തോലിക്കസഭയിൽ സമ്മതിക്കപ്പെടുന്നതിനുമുമ്പായി പല പരീക്ഷകളും പല കർമ്മങ്ങളും ഉണ്ടു്. ചിലരുടെ പേരിനുമുമ്പു് വന്ദ്യനെന്നും (Venerable) മറുചിലരുടെ പേരിനുമുമ്പു് ധന്യൻ അഥവാ ഭാഗ്യപ്പെട്ടവനെന്നും (Blessed) എഴുതിയിരിക്കുന്നതായി എല്ലാവരും കണ്ടിരിക്കുമല്ലൊ. അതെ, വിശുദ്ധസംജ്ഞ ലഭിക്കുന്നതിനുമുമ്പു കടന്നുപോകേണ്ട പടികളാണു് ഇവ. ധന്യഗണത്തിൽ പെടുത്തുന്നതുവരെയുള്ള ക്രമങ്ങളുടെ ഒരു സംക്ഷേപമാണു് ഈ ലേഖന വിഷയം.

മരിച്ചയാളിന്റെ വിശുദ്ധിയെപ്പറ്റി ജനതാമദ്ധ്യത്തിൽഒരു വിശ്വാസം ഉണ്ടായിരിക്കണം. പക്ഷേ മരിച്ച ഉടൻ 'മരിച്ചവരെപ്പറ്റി നന്മമാത്രം' എന്നപ്രമാണമനുസരിച്ചു് ആളുകൾ കീർത്തിക്കുന്നവരെയെല്ലാം വിശുദ്ധരായി ആരും ഗണിക്കയില്ല. സാധാരണമായി മരണാനന്തരം പത്തുവർഷമെങ്കിലും കഴിയാതെ യാതൊരു നടപടിയും നടത്തുകയില്ല. അതുകഴിഞ്ഞു് പ്രാരംഭപടങ്ങുകൾ നടത്തുന്നതു് സ്ഥലത്തെ മെത്രാനാണു്. ആൾ എവിടെ ജീവിച്ചുമരിച്ചുവോ അവിടത്തെ മെത്രാൻ ജീവിതകാലത്തു് ആളുമായി പരിചയമുണ്ടായിരുന്നവരെ വിസ്തരിച്ചു് തെളിവുകൾ ശേഖരിക്കുന്നു. എന്തെങ്കിലും സാക്ഷി പറയുന്നവർ സത്യം ചെയ്തതിനുശേഷമാണു് അപ്രകാരം ചെയ്യുന്നതു്. കൂടാതെ മരിച്ചയാളിന്റെ മദ്ധ്യസ്ഥം വഴിയായി ലഭിച്ച അനുഗ്രഹങ്ങളുടേയും അത്ഭുതങ്ങളുടേയും ഒരു ലിസ്റ്റു തയാറാക്കി, പ്രാരംഭപരിശോധനകൾ നടത്തുന്നതിനായി മെത്രാൻ ഒരു കോടതി ഏർപ്പെടുത്തുന്നു. ഈ പരിശോധനകളുടേയും പരീക്ഷകളുടേയും ഫലം ഗുണകരമാണെങ്കിൽ ഇതിന്റെ ഒരു ശരിപകർപ്പുണ്ടാക്കി മുദ്രവച്ചു് റീത്തുകളുടെ തിരുസംഘത്തിലേക്കയക്കുന്നു. അതേസമയത്തു തന്നെ റോമായിൽ ഈ കാര്യം വേണ്ടവിധം നിർവഹിക്കുന്നതിനായി മെത്രാൻ ഒരു പ്രതിനിധിയേയും നിശ്ചയിക്കുന്നു. പ്രസ്തുത പ്രതിനിധിവഴിയാണു് തിരുസംഘവും സ്ഥലത്തെ പരിശോധനാകോടതിയും തമ്മിലുള്ള എഴുത്തുകുത്തുകൾ നടത്തുന്നതു്.

പ്രതിനിധി തന്റെ കാര്യത്തിൽ സഹായത്തിനായി ഒരു അഭിഭാഷകനെ (ക്രിയായിൽനിന്നും) തെരഞ്ഞെടുക്കുന്നു (കോൺഗ്രഗേഷനിൽ) തി

രുസംഘത്തിൽ 'വിശുദ്ധന്റെ' ജീവിതത്തെ അനുകൂലിച്ചു സംസാരിക്കുന്നതും എതിരഭിപ്രായങ്ങളെ ഖണ്ഡിക്കുന്നതും അഭിഭാഷകനാണു്. റീത്തുകളുടെ തിരുസംഘം മെത്രാനയച്ച രിക്കാർഡുകളും പരിശോധിക്കയും അതേസമയംതന്നെവിശുദ്ധന്റെ, (വിശുദ്ധനായി പ്രഖ്യാപനം ചെയ്യപ്പെടേണ്ടയാളിന്റെ) ലിഖിതങ്ങളും,പുസ്തകങ്ങളും,എഴുത്തുകളും,ലേഖനങ്ങളും ആദിയായവയെല്ലാം ശേഖരിക്കുകയും ചെയ്യുന്നു. ഇവയിൽഏതെങ്കിലും കൈയിലുള്ള വിശ്വാസികൾക്കു് വിവരം അറിയിക്കുന്നതിനു് കടമയുണ്ടു്. വിശ്വാസത്തിനെതിരായോ ആളിന്റെ വിശുദ്ധിക്കെതിരായോ എന്തെങ്കിലും അതിലുണ്ടോ എന്നു് തിരുസംഘം പരിശോധിക്കുന്നു.

അനന്തരം പ്രതിനിധിയും അഭിഭാഷകനുംകൂടി 'വിശുദ്ധ'ന്റെ പുണ്യത്തെപ്രതിപാദിക്കുന്ന ജീവചരിത്രസംഗ്രഹവും, പരിശോധനകളുടെ സംക്ഷേപവും, തിരുസംഘത്തിനു സമർപ്പിക്കയും ഈ കാര്യത്തെപ്പറ്റി പരിചിന്തനം ചെയ്യുന്നതിനു് അപേക്ഷിച്ചുകൊണ്ടു് മെത്രാന്മാർ, സഭാശ്രേഷ്ഠന്മാർ തുടങ്ങിയുള്ളവരുടെ കത്തുകളും ശേഖരിക്കയും ചെയ്യുന്നു. തിരുസംഘത്തിലെ'വിശ്വാസസംരക്ഷകൻ'ചോദിക്കുന്ന ചോദ്യങ്ങൾക്കെല്ലാം തക്കതായ സമാധാനംനൽകുന്നതിനു്അഭിഭാഷകനു സാധിക്കുന്നെങ്കിൽ, 'വിശുദ്ധ'ന്റെജീവിതം കളങ്കരഹിതമെന്നതിരുസംഘത്തിനു് ബോധപ്പെടുന്നെങ്കിൽ പ. പിതാവിന്റെ ആദ്ധ്യക്ഷത്തിൽ കൂടുന്ന തിരുസംഘത്തിൽവച്ചു് ഒരു 'ഡിക്രി' വഴിയായികാര്യം പരിശോധനയ്ക്കെടുത്തതായി പ്രഖ്യാപനംചെയ്യുന്നു. മരണം പ്രാപിച്ച ആളിന്റെ സ്മരണയ്ക്കായി ചിത്രങ്ങളുംമറ്റും ഉപയോഗിച്ചിരിക്കാമെങ്കിലും തലയിൽ വിശുദ്ധരുടെ മുടിയോടുകൂടി അച്ചടിക്കുകയോ മറ്റോ ചെയ്തിരുന്നെങ്കിൽ അതു് മുൻഗതിക്കു തടസ്സമാണു്. 'വിശുദ്ധ'ന്റെ വിശുദ്ധിയെപ്പറ്റി ജനതാമദ്ധ്യത്തിലുള്ള അഭിപ്രായത്തെപറ്റിയും ഒരു പരിശോധനയുണ്ടു്. പുണ്യങ്ങളെപ്പറ്റിയും അത്ഭുതങ്ങളെപ്പറ്റിയും ഉള്ളതാണു് കൂടുതൽ പ്രധാനമായതു്. സാധാരണ മനുഷ്യരിൽ കാണുന്ന പുണ്യം മതിയാകയില്ല. അനന്യസാധാരണമായിരിക്കണം. ധീരമായിരിക്കണം. മൂന്നുസംഘങ്ങളിലായി വിശ്വാസസംരക്ഷകനും അഭിഭാഷകനും ജീവിതവിശുദ്ധിയേയും കളങ്കരാഹിത്യത്തേയും പറ്റിവാദപ്രതിവാദങ്ങൾ നടത്തുന്നു. മൂന്നാമത്തെ സംഘത്തിൽ കർദ്ദിനാളന്മാരുടെ അഭിപ്രായമറിഞ്ഞശേഷം മാറ്റാപ്പാതിരുമനസ്സിലേക്കു് അനുകൂലാഭിപ്രായമുണ്ടായെങ്കിൽ ഒരു ഡിക്രി പ്രസിദ്ധം ചെയ്യുന്നു. ഇതിനാൽ ആൾ 'വന്ദ്യനാ'യി പ്രഖ്യാപനം ചെയ്യപ്പെടുന്നു.

അനന്തരം അത്ഭുതങ്ങളെപ്പറ്റിയുള്ള സൂക്ഷ്മപരീക്ഷണം ആരംഭിക്കുന്നു. മരണശേഷം രണ്ടു അത്ഭുതങ്ങളും ഈ ആളിന്റെ മദ്ധ്യസ്ഥതയാൽ

സംഭവിച്ചിരിക്കണം. ദൈവംതന്നെ വിശുദ്ധിയെ സമ്മതിച്ചു് സഭയിൽ പ്രഖ്യാപനം അനുവദിക്കുന്നതായി പ്രത്യക്ഷപ്പെടണം. ദീനംസുഖമായതാണു് അത്ഭുതം എന്നിരിക്കട്ടെ. വൈദ്യന്മാക്കു് സുഖപ്പെടുത്താൻ സാധിക്കയില്ലായിരുന്നെന്നും, പെട്ടെന്നാണു് സുഖമായതെന്നും സുഖമായ ആളിനു് വീണ്ടും ആ ദീനം ഉണ്ടായില്ലെന്നും വന്ദ്യന്റെ മദ്ധ്യസ്ഥതമൂലം ലഭിച്ച അനുഗ്രഹമാണെന്നും, തെളിഞ്ഞെങ്കിലേ അതൊരത്ഭുതമായി കരുതൂ. വൈദ്യശാസ്ത്രവിദഗ്ദ്ധന്മാരുടെ സാക്ഷിപത്രങ്ങളും ആവശ്യമുണ്ടു്. ഇതെല്ലാം അനുകൂലമായി വിധിച്ചാൽ പ. പിതാവിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന വേറൊരു സംഘത്തിലെ സമ്മതിദാനമനുസരിച്ചു് ധന്യസംജ്ഞ നൽകാമെന്നു നിശ്ചയിക്കും.

ധന്യസംജ്ഞ അപ്രമാദിത്വവരത്തോടുകൂടി മാറ്റപ്പാപ്പാ ചെയ്യുന്നതല്ല. പരസ്യമായി, ചില സ്ഥലങ്ങളിൽമാത്രം ദൈവശുശ്രൂഷിയായിരുന്ന ആളിനെ വണങ്ങാമെന്നു് മാറ്റപ്പാപ്പാ അനുമതി നൽകുക മാത്രമാണു് ഈ അവസരത്തിൽ ചെയ്യുന്നതു്. വിശുദ്ധ സംജ്ഞയാകട്ടെ പത്രോസിന്റെ പിൻഗാമി അപ്രമാദിത്വവരത്തോടെ ചെയ്യുന്ന പ്രഖ്യാപനമാണു്. അതു ലഭിച്ചവരെ എല്ലാവരും വണങ്ങിയേ തീരൂ എന്നുണ്ടു്.

വി. പത്രോസിന്റെ ദേവാലയത്തിൽ ആണു് തിരുക്കർമ്മം നടത്തുന്നതു്. നിശ്ചിതദിനം രാവിലെ പത്തുമണിക്കു് ദേവാലയത്തിൽവച്ചു് പ. പിതാവിന്റെ തിരുവെഴുത്തു് വായിക്കുന്നു. അതു് അവസാനിച്ചുകഴിയുമ്പോൾ 'ശ്ലോറിയാ' എന്ന സ്ഥലത്തു് പുതിയ ധന്യന്റെ രൂപം അനാവരണം ചെയ്കയും അതിന്മേൽ തിരുശേഷിപ്പു വയ്ക്കുകയും ചെയ്യും. അനന്തരം കൃതജ്ഞതാസ്തോത്രം പാടി പുതിയ ധന്യന്റെ സ്തുതിക്കായി ദിവ്യബലി അർപ്പിക്കും.

വൈകുന്നേരം പ. പിതാവുതന്നെ അഭിനവധന്യന്റെ തിരുശേഷിപ്പുകളും വണങ്ങുന്നതിനായി ദേവാലയത്തിലെഴുന്നള്ളും. ഈ അവസരത്തിൽ വി. കുർബ്ബാനയുടെ വാഴ്വും ഉണ്ടാകും. അതു തീർന്നാലുടൻ പ്രതിനിധി പ. പിതാവിനു നന്ദി പറയുകയും പുതിയ ധന്യന്റെ തിരുശേഷിപ്പുകളും ജീവചരിത്രവും കാഴ്ച കൊടുക്കുകയും ചെയ്യും.

(സാമാന്യംദീർഘവുംഹൃദയാകർഷകവുമായ തിരുക്കർമ്മങ്ങളെസമയവും സ്ഥലവും അനുവദിക്കാഞ്ഞതിനാൽ ചുരുക്കിക്കളഞ്ഞതിനു് ക്ഷമാപണം.)

വി. ഗബ്രിയേൽ ഫൊസ്സേന്തി.

(വിദ്വാൻ ക്രൂക്മെറർ സ്കറിയാ ഡിക്കൻ)

1 ക്ഷണികമാനന്ദനാദിയിലാഗ്രഹം
കണികപോലുമെഴാത്തൊരപൂണ്യവാൻ
പണിത "ഗബ്രിയെ" ലമ്പൊടുകാക്കുമാം
ഗുണികൾപാണികൾപാത്തിഹകൃപ്പുവോൻ

2 ശ്രുതികലന്നിടു "മുംബ്രിയ" യിൽധന–
സ്ഥിതിയെഴുംവരവംശജ! പണ്ഡിത!
രതിവിനാശവുംമീശരഭേക്തിയും
ച്യുതിവരാതിവരാപ്പകൽനൽകമേ.

3 പലവിഘാതവുമാശ്രമവേശനാ–
സ്സലഭതാകരമൊത്തതിലല്പവും
നിലവിടാതൊടുവിൽജയമാർന്നി—
മ്മല! സദാലസദാശയമാവനീ

ഇംഗ്ലീഷുകാരുടെ ൪-൱മത്തെ തീർത്ഥയാത്ര.

ബെർണ്ണർഡിത്തായെ വിശുദ്ധയെന്നു് നാമകരണം ചെയ്തതിന്റെ തലേദിവസം, തന്നെ സന്ദർശിച്ച ഇംഗ്ലിഷുകാരായ ൨൦൦ തീർത്ഥയാത്രക്കാരോടു് സന്തോഷം തുളുമ്പുന്ന മുഖത്തോടുകൂടി പാ. പിതാവു് പറഞ്ഞതാവിതു്:–

"ലോകം മുഴുവനിലുമുള്ള മക്കൾക്കു് നാം അയച്ച ക്ഷണം ഹാർദ്ദമായി നിങ്ങൾ സ്വീകരിച്ചിരിക്കുന്നു. ഇതു് നമ്മുടെ പ്രിയപ്പെട്ട ഇംഗ്ലണ്ടിൽ നിന്നു വരുന്ന ൪-൱മത്തെ തീർത്ഥയാത്രസംഘമത്രെ!

"ഇതു് വിശുദ്ധവത്സരത്തിന്റെ ൩൱-ാമത്തെ ആഴ്ചയാണു്. എന്നാൽ നിങ്ങളുടെ ഈ സംഘം ഇംഗ്ലണ്ടിൽ നിന്നു് വന്നതിൽ ൪-൱മത്തേതാണു്. അവയിൽ ചിലതിൽ ൩൦൦-ം, ൪൦൦-ം വീതം ആളുകളുണ്ടായിരുന്നു. ഈ സംഘത്തിൽതന്നെ ൨൦൦ പേരുണ്ടല്ലോ. ഈസംഖ്യാബലം അഭിനന്ദനീയം തന്നെ.

"പിതാവിന്റെ ക്ഷണം മക്കൾ ഇപ്രകാരം സ്വീകരിക്കുന്നതു് അത്യന്തം ആശ്വാസപ്രദം അത്രെ. നിങ്ങളെപ്പറ്റി നാം അഭിമാനിക്കതന്നെ ചെയ്യുന്നു.

"എല്ലാ സഭകളുടെ അഭിവന്ദ്യമാതാവിന്റേയും നിങ്ങളേവരുടേയും പൊതുപിതാവിന്റെയും പക്കൽ വന്നു് നിങ്ങൾ പ്രദർശിപ്പിച്ച ഈ സ്നേഹത്തിനു് നാം നിങ്ങളെല്ലാവരേയും അഭിനന്ദിയ്ക്കുന്നു. ഇതുമൂലം നിങ്ങൾ അഖില ജാതികളിലും ദീപമായി പരിലസിക്കുന്നു. മൈൽ കണക്കുകൊണ്ടു് ഇംഗ്ലണ്ടു് വിദൂരമെങ്കിലും വിശ്വാസവും സ്നേഹവും മൂലം ഇപ്പോഴത്തേപ്പോലെ അതു് ഒരിക്കലും സമീപത്തായിട്ടില്ല.

4 വിമലമേരിയിലേറിയഭക്തിയാൽ
സപമഹിതാഭിധരിൽപരപൂത്തിയായ്
സമമെടുത്തതി"ദുഃഖിതമേരി"ത—
ന്നമരപാമരപാവനനാമഹം

5 നരകുലാഘവിനാശകനേശുതൻ
"കരണപീഡന"നാമസഭാംഗമായ്
തരണമീഭവവാർദ്ധിയിലാന്നിൻ—
ചരണതാരണതാനിഹപാക്കിൽമേ

6 ദുരിതകാരണമായിട്ടമിന്ദ്രിയം
പൊരിയുമാകുനിഗ്രഹമാദിയാൽ
അരിയപുണ്യഗിരീന്ദ്രശിഖാപ്തനാ—
ച്ചരിത! ദുരിതദൂഷ്യതഹാരണം.

7 സമകളാകുതപിച്ചുതിനിവ്വിധം
സമമെഴാത്തൊരുസിദ്ധപദോന്നതി.
ശമധനാഢ്യ! നിനക്കുലഭിച്ചതിൽ
ക്ഷമയിതാമയി! താന്നതിതുഷ്ടിയാൽ.

8 ഘനപദോന്നതപർവ്വതപംക്തിയാൽ
മനവിമോഹന"മിസ്സൊല"ദിക്കതിൽ
വിനയമോടുവസിച്ചയതീശ! നി
ജനയ;മേനയമേതുവിപത്തിലും

9 സകലനാഥനിലാന്നൊരുഭക്തിതൻ
തികവകത്തുമറച്ചുചരിച്ചതിൽ
പുകളിതാഭവിനിത്യവുമീശ്വരൻ
പകരമാകരമായ്ചൊരിയുന്നുതേ

10 മരണശേഷമനേകവരങ്ങൾനിൻ
സ്മരണയോടുനമിപ്പൊരുമത്സ്യരിൽ
വിരതിവിട്ടുചൊരിഞ്ഞുലസിക്കുമെൻ
ശരണകാരണ! കാമിതമേകണം

11 ഏകനേതവസമഹിമാവുലകിൽപ്രകീർത്തി—
ച്ചാകാമ്യവാസനവഴിക്കുനരക്കുനിത്യം
നാകാധിനാഥപദഭക്തിവിളത്തിടട്ടേ
ലോകാശ്രയംമഹിത"ഗബ്രിയെ"ലെന്നാസിദ്ധൻ

വി. ബർണ്ണാദീത്തായുടെ രണ്ടുകുമ്പസാരം.

(റവ. ജോസഫ് എം. ഏറുമാന്തുക്കൽ)

അത്ഭുതകരമായ രോഗശാന്തികളുംനിമിത്തം കത്തോലിക്കരുടെമാത്രമല്ല അകത്തോലിക്കരുടെപോലും ആശ്ചര്യവിഷയമായിത്തീർന്നിരിക്കുന്ന ലൂർദിലെ തീർത്ഥസ്ഥലത്തേക്കുറിച്ചു് കേട്ടിട്ടില്ലാത്തവർ ഒരുപക്ഷേ കാണുകയില്ലല്ലൊ. ഇപ്രകാരം ഭുവനപ്രസിദ്ധമായിത്തീർന്നിരിക്കുന്ന ഈ പുണ്യസ്ഥലത്തുവെച്ചാണു് എഴുപത്തഞ്ചുസംവത്സരങ്ങളുംകുമുൻപു് ബർണ്ണാദീത്താ സോവിറോസ് (Bernadette Soubirous) എന്ന കൃഷീവലകന്യകയ്ക്കു പരിശുദ്ധകന്യകമറിയം പ്രത്യക്ഷയായതു്. വിശുദ്ധവത്സരമായിരുന്ന 1925-ൽ ബാർട്ടിമോർ അതിരൂപതയിലെ ജൂബിലിവത്സരതീർത്ഥസംഘത്തിന്റെ നായകത്വംവഹിച്ചിരുന്ന ഡോക്ടർ ജോൺ കെ. കാർട്ടൈറ് (Rev. Dr. John K. Cartwright) എന്ന വൈദികനുമൊരുമിച്ചു് വിൻസന്റ് ഡി. പി. ഫ്റ്റ്സ് പാടിക്ക (Vincent D P Fitzpatrick) എന്നാദേഹം ലൂർദിലെ പ്രസ്തുതപുണ്യസ്ഥലവും ബർണ്ണാദീത്തായുടെ ഭവനവും സന്ദർശിച്ച അവസരത്തിൽ ഈ വിശുദ്ധയുടെ സഹോദരൻ ബർണ്ണാർദ് പിരേസോബിറോസ് (Bernad Pierre Soubirous) അവരേക്കാണിച്ചതും ബർണ്ണാദീത്താതന്റെ സഹോദരനയച്ചിട്ടുള്ളതുമായ രണ്ടുകുമ്പസാരകളാണു് താഴെചേർത്തിരിക്കുന്നതു്.

സന്യാസസഭയിൽ പ്രവേശിച്ചതിനുശേഷംബർണ്ണാദീത്താ മരിയ ബർണ്ണാർദ് എന്നാനാമം സ്വീകരിച്ചു. അവൾ തന്റെ സന്യാസജീവിതംനയിച്ചതു ഫ്രാൻസുരാജ്യത്തിലെ നെവേഴ്സ് (Nevers) പട്ടണത്തിലുള്ള ഉപവിസഹോദരികളുടെ വകയായ വി. ജെരാർദിന്റെ കന്യകാമഠത്തിലത്രെ. തന്റെ കനിഷ്ഠസഹോദരനായിരുന്ന പീയർ ബർണ്ണാർദിനു നമ്മുടെ പുണ്യവതി പലപ്പോഴും തന്റെ സന്യാസമന്ദിരത്തിൽനിന്നും കുമ്പസാരകളയച്ചുകൊണ്ടിരുന്നു. പീയറിന്റെമേൽ ബർണ്ണാദീത്തായ്ക്കു പ്രത്യേകവാത്സല്യമുണ്ടായിരുന്നു. എന്തുകൊണ്ടെന്നാൽ അയാളം കുടുംബത്തിലെ ഏറ്റവും ഇളയഅംഗമായിരുന്നതിനുംപുറമെ ബർണ്ണാദീത്തായുടെ ജ്ഞാനസ്നാനപുത്രൻ (God Child) കൂടിയായിരുന്നു. പീയറിനു പന്ത്രണ്ടുവയസ്സുമാത്രം പ്രായമായിരുന്നപ്പോൾ തങ്ങളുടെപ്രിയപ്പെട്ട ജനനിപരലോകപ്രാപ്തയായതുനിമിത്തം ബർണ്ണാദീത്തായെന്നു അയാളുടെ സംരക്ഷണാഭാരം വഹിക്കേണ്ടതായിവന്നുകൂടി. സ്നേഹനിധിയായ ഒരു മാതാവിനേപ്പോലെതന്നെ അവൾ തന്റെ കൊച്ചുസഹോദരനെ രക്ഷിച്ചുപോന്നു. പീയറിന്റെമേൽ തനിക്കുണ്ടായിരുന്ന വാത്സല്യകളെ നന്നായി ഗ്രഹിച്ചിരു

ന്നാ ബണ്ണാദീത്താ അയാളെ മാതൃകാപരമായ ഒരു ജീവിതംകഴിപ്പിക്കുന്നതിനു് തന്നാൽപാടുള്ള സകല യത്നങ്ങളും ചെയ്തിരുന്നു. പീയറും തന്റെ സഹോദരിയെ സാദരം സ്നേഹിക്കുകയും അവളുടെ നിർദ്ദേശങ്ങളനുസരിച്ചു് പ്രവർത്തിക്കുന്നതിൽ അത്യന്തം തീഷ്ണതപ്രദർശിപ്പിക്കുകയും ചെയ്തിരുന്നു. ലൂർദ്ദിലേ പരിശുദ്ധജനനിയുടെ കപ്പേളയിൽത്തന്നെ, രണ്ടുവർഷങ്ങൾക്കുമുൻപ് താൻ ഇഹലോകവാസം വെടിഞ്ഞതുവരെയുള്ള തന്റെ സമയത്തിൽ ഏറിയഭാഗവും, പീയർ ചെലവഴിച്ചിരുന്നു. കീഴെച്ചേർത്തിട്ടുള്ള കത്തുകളിൽ ആദ്യത്തേതുമൂലം ബണ്ണാദീത്താ തന്റെ സഹോദരനെ എത്രയുംവേഗത്തിൽ അയാളുടെ ദൈവാഹ്വാനത്തിനനുയോജ്യമായ ഒരു ജീവിതചര്യയെ അവലംബിക്കുന്നതിനു് ഉണർത്തിക്കുന്നു. രണ്ടാമത്തേതാകട്ടെ, പുണ്യവതി സ്വർഗ്ഗസ്ഥനായ തന്റെ ആത്മീയ മണവാളന്റെ പരിപാവന പാണീതലങ്ങളിൽ പുണ്യസഞ്ചയസഞ്ചിതമായ തന്റെ ആത്മാവിനെസമർപ്പിച്ചുകൊണ്ടു് ഭാഗ്യമരണം പ്രാപിക്കുന്നതിനു് ഏതാനും മാസങ്ങൾക്കുമുൻപു് ലേഖനംചെയ്തിട്ടുള്ളതും തന്റെ കൊച്ചുസഹോദരനയച്ചിട്ടുള്ള കത്തുകളിൽ അവസാനത്തേതുമാകുന്നു. 1879 ഏപ്രിൽമാസം 16–ാംതീയതി ചരമംപ്രാപിച്ച ഈ ധന്യാമണിയുടെ പവിത്രനാമം കഴിഞ്ഞ ഡിസംബർമാസം 8–ാം തീയതി, ഭാഗ്യമോടെവാഴ്ത്തപ്പെട്ടപരിശുദ്ധാപിതാവു് പതിനൊന്നാംപീയസു് മാർപ്പാപ്പാതിരുമനസ്സുകൊണ്ടു് സിദ്ധരുടെ പട്ടികയിൽ ചേർത്തുകഴിഞ്ഞിരിക്കുന്നു.

(1)

"എന്റെ ഏറ്റവും പ്രിയപ്പെട്ടസഹോദരാ,

"അവധിക്കാലത്തു് ഗ്രോട്ടൊവിൽ ത്തന്നേയാണു് നീ സമയംചെലവാക്കിയിരുന്നതെന്നറിവാൻ എനിക്കു സാധിച്ചു. നിന്നോടു് സംഗതികളും ഞാൻ തുറന്നുതന്നെ പറയും. നമ്മുടെ നല്ലപിതാവു് (ദൈവം) നീ സന്ന്യാസാന്തസ്സിൽ പ്രവേശിക്കുന്നതിനല്ലാ ആഗ്രഹിക്കുന്നതു് എന്നു നിനക്കു ഉറപ്പുണ്ടെങ്കിൽ, ഏതെങ്കിലും ഒരു തൊഴിലിൽ ഏർപ്പെടുന്നതിനായി നിന്നോ ഞാൻ നിർബന്ധിക്കുകതന്നോ ചെയ്യുന്നു. ഇപ്പോൾ നിന്റെ ഭാവിയേക്കുറിച്ചു് ചിന്തിക്കേണ്ടതു് അത്യാവശ്യമാണു്.

"എന്റെ അഭിപ്രായം പറയുകയാണെങ്കിൽ, ഇപ്പോൾ നീ ചെയ്യുന്നതുപോലെ ഗ്രോട്ടൊവിൽത്തന്നെ നിന്റെ സമയം ചെലവഴിച്ചു കാണുന്നതിനു് ഞാൻ ആഗ്രഹിക്കുന്നില്ല. കുറേ നാൾ കഴിയുമ്പോൾ നീ യാതൊരു തൊഴിലുമില്ലാത്തവനായിത്തീരും. ഏതെങ്കിലുംഒരു ജോലിപരിശീലിക്കുന്നുവെങ്കിൽ അതിൽ നിനക്കു അഭിരുചി വർദ്ധിക്കും. കൂടാതെ അതു് സന്തോഷദായകവും ഉപകാരപ്രദവുമായി പരിണമിക്കുകയും ചെയ്യും. നി

തൃവൃത്തിക്കുള്ള മാർഗ്ഗമായോ മറ്റു് ഏതെങ്കിലും ലൌകികോദ്ദേശത്തോടുകൂടിയോ നീ ഒരു വൈദികനാകണമെന്നു ഞാൻ ഒരിക്കലും ആഗ്രഹിക്കുന്നില്ല. നേരേ മറിച്ചു് അപ്രകാരമുള്ള ഉദ്ദേശത്തോടുകൂടി ഈ വിശുദ്ധമന്ദിരത്തിൽ നീ പ്രവേശിക്കുന്നതിനേക്കാൾ ഒരു യാചകന്റെ വേഷത്തിൽ നിന്നെക്കാണുന്നതായിരിക്കും എനിക്കു കൂടുതൽ സന്തോഷം. ഞാൻ നിന്നോടു ഉറപ്പായി പ്രസ്താവിക്കുകയാണു്. ഇപ്രകാരം ഞാൻ പറയുന്നതു് നിന്നോടു് എനിയ്ക്കു അത്രയ്ക്കു വാത്സല്യമുള്ളതുകൊണ്ടും നിന്റെ കാര്യത്തിൽ അത്രമാത്രം ശ്രദ്ധയുള്ളതുകൊണ്ടുമാണു്.

"ഇതിനെപ്പറ്റി ഗാഢമായി ചിന്തിക്കുകയും നമ്മുടെ ദിവ്യരക്ഷകനോടും പരിശുദ്ധകന്യകയോടും അവരുടെ അഭിലാഷം അറിയിക്കുന്നതിനായി പ്രാർത്ഥിക്കുകയുംചെയ്യുക.

"നീ എല്ലായ്പോഴും നിന്റെ മതാനുഷ്ഠാനങ്ങളിൽ വിശ്വസ്തനായിരിക്കുന്നതിനും പരിശുദ്ധകന്യകാമറിയത്തിന്റെയും വിശുദ്ധ യൌസേപ്പുപിതാവിന്റെയും നേരെ കൂടുതൽ ഭക്തിയുള്ളവനായിരിക്കുന്നതിനും നിന്നെ ഞാൻ നിർബന്ധിക്കുന്നു. എത്രയും വേഗത്തിൽ നിന്റെ വിശേഷങ്ങളും എന്നെ അറിയിക്കുക.

ഏറ്റവും പ്രിയ സഹോദരാ നിനക്കു വന്ദനം.

"നിന്റെ സ്നേഹസഹോദരിയും ജ്ഞാനസ്നാനമാതാവുമായ

"സിസ്റ്റർ മരിയ ബർണ്ണാർദ്."

നവംബർ ന—ാവ്വെന്തു."

(2)

"എന്റെ പ്രിയപ്പെട്ട സഹോദരാ,

നിന്റെ കത്തു് എനിക്കു തന്നായവസരത്തിൽ എന്റെ സുഖവിവരങ്ങളും നിന്നെ അറിയിച്ചില്ല എന്നു ഗ്രഹിക്കുകയാൽ ഞങ്ങളുടെ ബഹു. ശ്രേഷ്ഠത്തിയമ്മ എന്നെ ശകാരിച്ചുവെന്നതന്നെ പറയാം. എന്റെ ദേഹസുഖം വർദ്ധിച്ചുതന്നെ വരുന്നുവെന്നുനിന്നെ അറിയിക്കുന്നതിൽ എന്നു് നിക്കു് അതിയായ സന്തോഷമുണ്ടു്. ഇപ്പോഴും കാലിനു് കുറേ സ്വാധീനക്കുറവുണ്ടു്. എന്നാൽ രണ്ടുവാരങ്ങൾക്കു മുൻപു് വടിയുടെ ഉപയോഗം നിവൃത്തിവച്ചു. കാലിന്റെ ഏറ്റുകളിലുള്ള ഞരമ്പുസംബന്ധമായ വേദനയഥാർത്ഥത്തിൽ എന്നെ അധികം വിഷമിപ്പിക്കുന്നുണ്ടു്. എന്നാൽ അതും കാലവിളംബമെന്യേ ശമിക്കും.

"പരിശുദ്ധ കന്യകയുടെ ഏഴുവ്യാകുലങ്ങളുടെ ദിനമായ സെപ്തംബർ പതിനഞ്ചാംതീയതി മുഖ്യപ്രഥമൊഴുപ്പുകൾ (Great Vows) നടത്തുന്നതിനുള്ള ഭാഗ്യം എനിക്കു ലഭിച്ചു. ഇത്ര വലിയ ഒരു അനുഗ്രഹത്തിനു്

ഞാൻ തികച്ചും അയോഗ്യയാണു്. നമ്മുടെ ദിവ്യരക്ഷകനും നമ്മുടെ അമ്മയായ പരിശുദ്ധകന്യകയ്ക്കും ഉപകാരസ്മരണ നടത്തുന്നതിനായി നിന്റെ പ്രാർത്ഥനകൾകൊണ്ടു് എന്നെ സഹായിക്കേണമേ.

"ഞാൻ വളരെ അപൂർവ്വമായിമാത്രം കത്തുകൾ അയച്ചിരുന്നതിന്റെ കാരണംകൂടെ പറഞ്ഞുകൊള്ളട്ടെ. വീട്ടിലേക്കയിച്ചിരുന്ന എന്റെ എഴുത്തുകൾ എല്ലാസ്ഥലങ്ങളിലും കൊണ്ടുപോകുകയും എല്ലാവരേയും കാണിക്കുകയും ചെയ്തിരുന്നുവെന്നറിവാൻ ഇടയായി. മേലിൽ അപ്രകാരം കൊണ്ടുനടക്കുന്നെങ്കിൽ എഴുത്തുകൾ നിറുത്തിവയ്ക്കേണ്ടതായി വന്നുകൂടും

"നിന്റെ കണ്ണുനീരിന്റെ കാര്യത്തെക്കുറിച്ചു പറയുകയാണെങ്കിൽ നിന്റെ കത്തുകൾ വായിച്ചപ്പോഴൊക്കെയും കൈലേസ് ഉപയോഗിക്കുന്നതിനു് ഞാൻ നിർബന്ധിതയായിട്ടുണ്ടു്. ഇതുകൊണ്ടു് നിന്റെ വികാരങ്ങളെ ഞാൻ ഗ്രഹിച്ചിരുന്നുവെന്നു നിനക്കു മനസ്സിലാക്കാമല്ലോ.

"പ്രിയപ്പെട്ട സഹോദരാ, സന്തോഷചിത്തനായിരിക്കുക. ഈലോകത്തിൽ വച്ചു പരസ്പരം കാണാതിരിക്കണമെന്നുള്ള ത്യാഗത്തെ നമ്മുടെ ദിവ്യരക്ഷകൻ നമ്മിൽ നിന്നാവശ്യപ്പെട്ടുവെങ്കിൽ അതു നമുക്കു സന്തോഷത്തോടുകൂടി സഹിക്കാം. സ്വർഗ്ഗത്തിൽവച്ചു നമുക്കു് വീണ്ടും തമ്മിൽ ദർശിക്കാം.

മെത്രാപ്പോലീത്തായിരുമേനിയോടു് എനിക്കുള്ള ഭക്ത്യാദരവുകളെ അറിയിക്കണമെന്നു നിന്നോടു ഞാൻ അഭ്യർത്ഥിക്കുന്നു. കൂടാതെ നിന്റെ കാര്യത്തിൽ അദ്ദേഹം പ്രദർശിപ്പിച്ചിട്ടുള്ള കരുണയ്ക്കു് അദ്ദേഹത്തോടു് എന്റെ വിനീതമായ കൃതജ്ഞത സ്വീകരിക്കുന്നതിനു് അപേക്ഷിക്കുകയും ചെയ്യുമല്ലോ. പ്രിയസഹോദരാ വന്ദനം. നിന്റെ കാര്യം എപ്പോഴും ഞാൻ സ്മരിക്കുന്നതാണു്.

"എന്നു നമ്മുടെ ദിവ്യരക്ഷകന്റേയും പരിശുദ്ധകന്യകയുടെയും സന്നിധിയിൽ അഭിമുഖസന്ദർശനത്തിനു് സ്ഥലമൊരുക്കുവാനായി നിന്നെ ഭരമേല്പിക്കുന്ന, നിന്റെ വാത്സല്യനിധിയും, സ്നേഹഭാജനവുമായ സഹോദരി,

"സിസ്റ്റർ എം. ബർണ്ണാർദ് സോബിനോസ്"

P. S. ഇതു സഹിതം തിരുഹൃദയത്തിന്റെ ഒരു ബാഡ്ജ് അയയ്ക്കുന്നു. അതു ഞാൻ തന്നെ നിർമ്മിച്ചതാണു്. ദയവായി അതു ധരിക്കുക.

സ്വർഗ്ഗീയഗീതം.

(തുടർച്ച)

ശ്രീമാൻ മുട്ടത്തു വക്കി

കേക.

നിത്യകന്യകയായി ദൈവത്തെ സ്തുതിക്കുവാൻ
നിശ്ചയിച്ചിരുന്നൊരാ നിർമ്മലാംഗനയപ്പോൾ
വാനവർകുലതൻ ചൊന്ന വാണിയിൽ വിവശയായ്
മാനസമലർ ശങ്കാവാതത്താലുഴലവേ,
പിന്നെയും കേൾക്കുന്നു ഹാ! സ്വർഗ്ഗീയ കളഗീതം:—
"മന്നവമകുടമാം ഭാവീഭിൻ കുമാരിയേ!
ഉന്നത, നഖിലേശൻ, പാവനൻ, പരാപരൻ
നിന്നിൽ തദ്രൂപിയിൽ ആവേശിച്ചിട്ടും മുദാ,
സർവശക്തമാം നിജപാണികൾ നിരന്തരം
നർവിശങ്കമായ് നിന്നെ കാത്തുപാലിച്ചുകൊള്ളും
ഈവണ്ണം ദൈവപുത്രനായിട്ടും ചിത്രഭാനു
ചൊവ്വോടേയുദിച്ചിട്ടും പൂർവാദ്രിനിതാനല്ലോ
ജയിക്കൂ! ത്രിലോകത്തിൻ രാജ്ഞിയായനാരതം
ജയിക്കൂ! ജഗദീശ ജനിത്രീ! ജയിച്ചാലും!" 5

മാലാഖായ!തം ചൊന്ന സ്വർഗ്ഗീയസന്ദേശം ഹാ!
മാലോകർ ദിവാനിശമാവർത്തിച്ചരുളുന്നു;
ഈ ലോകപരിത്രാണ വാഗ്ദാനമിതുതന്നെ,
പാലകൻ, പരിശുദ്ധൻ, തന്നുടെ കൃപാമൃതം,
മേദിനീമണാളന്റെ യാത്രയേ മർത്ത്യർക്കായി
മോദമോടറിയിക്കും മഞ്ജുളമണിനാദം
നവ്യവും പൂർവികവുമായിട്ടും കാലാബ്ജികൾ
ഭവ്യമായ് സംഭേദിക്കും സേതുവാണിതുതന്നെ
കൈവല്യപ്പുണപ്പെട്ടി മർത്ത്യരാം പാവങ്ങൾക്കായ്
കേവലൻ തുറക്കുന്ന കല്യാണകോലാഹലം
പാരാകും മാരുവികൾ പൊരിയും മനുഷ്യരാം
പാന്ഥർക്കു തണൽതരും തരുവിൻ ബീജാവാപം;
സ്വർഗ്ഗമാം സപദേശത്തിലെത്തിച്ചേരുവാൻ പാപ
ശൃംഖലയഴിക്കുന്ന രമ്യമേറിടും രവം"
മേരിതൻ സ്മിതാനിലനിളക്കി ചെടിമലർ
വേരിനൽ കൂർമൊഴി മന്ദമായ്പുറപ്പെട്ട.
"കാണുക; സർവേശന്റെ ദാസിയായിടുന്നൊരീ–
ഞാനിതാ, തദിഷ്ടംപോലെന്നിലായ് ഭവിക്കട്ടെ" 6

ഏവമോതിയാൾ മേരി, വിശ്വത്തിൻ മഹാറാണി,
പാവനമൂർത്തി,യതേ, വിയത്തിൻ ചൂഡാമണി.
ഈശന്റെ ദാസി, പിന്നെ, ഈശന്റെ കുമാരിയും,
ഈശന്റെ കളത്രവും, ഈശന്റെ മാതാവുമാം! 7

വയലിൽ വിളങ്ങുന്ന "ലില്ലി"ത്താർനിരകളും,
പയോധി ഗർത്തത്തിലേയമൂല്യ രത്നങ്ങളും,
നിർമ്മലാംബരത്തിലായ് മിന്നിടും കോടാകോടി
നക്ഷത്രഗണങ്ങളും, സോമനും, രവിതാനും,
പോരുമോ തവ പുണ്യപാദക്ഷണമാവാൻ ?
ആരുമില്ലങ്ങപ്പോലെ നിത്യനിർമ്മലമായോർ
മാനവമണികളാം ഭക്തരും, കവികളും
സാനന്ദം തദ്ഗീതങ്ങൾ സീമയറ്റരയ്ക്കുന്ന
വാനവവൃന്ദങ്ങളങ്ങാശ്ലഥപ്രപഞ്ചരായ്
വാഴ്ത്തുന്നുമേന്മേൽ തവ മാഹാത്മ്യമജസ്രമായ്
എങ്കിലിക്കിശോരകൻ, കിഞ്ചിജ്ഞ,നടിയനും
പങ്കഹീനയാമങ്ങയെങ്ങനെ സ്തുതിക്കേണ്ടു ?
എങ്കിലും ദിവാകരൻ പൂർവാദ്രിയിങ്കൽ നിന്നാ–
പങ്കജപ്പൊൻ പൈതലേ പുഞ്ചിരി കൊള്ളിക്കുമ്പോൾ
ആനന്ദ പുളകിതരായിട്ട പാടീടുന്നു,
ആ നല്പ്രഭാതരങ്ങൾ; ഈശന്റെ കുഞ്ഞുമക്കൾ;
എന്നതുപോലെ സ്വർഗ്ഗീയമൂഷ്മൾക്കൊണ്ടിന്നി–
മന്നിലായ് പിടന്നോരു വാടാത്ത കുസുമമേ!
ഞാനൊന്നത്തിരുപ്പദഗീതകൾ പാടീടട്ടെ
ആനതശിരസ്കനായ്, കൃപ്പകൈയ്യൊട്ടുമമ്മേ! 8

ദണ്ഡവിമോചനങ്ങൾ പ്രാപിക്കുന്നതിന് പ. പിതാവിന്റെ നിയോഗപ്രകാരം ചെയ്യുവാനുള്ള പ്രാർത്ഥന.

ചില ദണ്ഡവിമോചനങ്ങൾക്ക്, നിശ്ചയിച്ചിരിക്കുന്ന കൃത്യം—പ്രാർത്ഥനയോ സൽപ്രവൃത്തികളോ—നിർവഹിച്ചതിന്റെ ശേഷം പ. പിതാവിന്റെ നിയോഗപ്രകാരം പ്രാർത്ഥിക്കണമെന്നുണ്ട്. ഈ ദശപ്രാർത്ഥന വെറും ഹൃദയം കൊണ്ടുള്ളതു് (Mental Prayer) ആയിരുന്നാൽ പോരാ. ഉച്ചാരണ (Vocal prayer) സഹിതമുള്ളതായിരിക്കണമെന്നു് കാനൻ നിയമത്തിന്റെ 934-ാം വകുപ്പുകൊണ്ടു് നമുക്കു ഗ്രഹിക്കാവുന്നതാണു്. എന്നാൽ ഇതിനായി ഓരോരുത്തനും ഇഷ്ടമുള്ള ഏതെങ്കിലും പ്രാർത്ഥന ഉച്ചരിച്ചാൽ മതിയാകും. എങ്കിലും ഇതേ സംബന്ധിച്ചു് സംശയത്തിനും മനസ്സമാധാനക്കുറവിനും വിശ്വാസികൾക്കിടയാകാതിരിപ്പാനായി റോമിലെ തിരുസംഘത്തിൽ നിന്നു് 1933 സെപ്തംബർ 20–ാം തീയതിയിലെ ഒരു ഔദ്യോഗിക പ്രസ്താവനയിൽ, ദണ്ഡവിമോചന പ്രാപ്തിക്കായി പ. പിതാവിന്റെ നിയോഗപ്രകാരമുള്ള പ്രാർത്ഥനകളെ നിർദ്ദേശിച്ചിട്ടുള്ളപ്പോൾ വിശ്വാസികൾ ഒരു ആകാ. ഒരു നന്മ. ഒരു ത്രിത്വസ്തുതിയും മാത്രം ചൊല്ലിയാൽ മതിയാകുമെന്നാണു് തിരുമാനിച്ചിരിക്കുന്നതു്.

ഗ്രീക്കു ശീശ്മ.

കത്തോലിക്കാസഭയുടെ വിശ്വാസസത്യങ്ങളെ നിഷേധിക്കാതെ പരമാധികാരിയായ മാപ്പാപ്പായ്ക്കു കീഴ്വഴങ്ങാത്തവരെയാണ് ശീശ്മക്കാർ എന്നു പറയുന്നതു്.

ഭീനവത്സലയായ സഭാമാതാവിൽനിന്നു് ഛേദിക്കപ്പെട്ട ഗ്രീക്കു്ശീശ്മയുടെ ഒരു സംക്ഷിപ്തചരിത്രം മധ്യസ്ഥനുവാചകന്മാക്കു് രസാത്മകമായിരിക്കുമെന്നു് കരുതുന്നു. കോൺസ്റ്റാൻറിനോപ്പിളിൻെറ ലൗകികപ്രാഭവത്തിൽനിന്നും ഗ്രീക്കുകാരുടെ ഭൗതികശാസ്ത്രാഭിമുഖ്യവും സംജാതമായ ഈ സഭാഭിന്നതയുടെ പ്രഥമഹേതു, ന്യായരഹിതമായി കോൺസ്റ്റാൻറിനോപ്പിളിം പാത്രിയക്കാസിംഹാസനം കരസ്ഥമാക്കിയ ഫോസിയസ്എന്ന മഹാവിദ്വാനായിരുന്നു. പുണ്യശീലനായ മെത്തോഡിയസ്സിൻെറ ചരമാനന്തരം ഒന്നാംമൈക്കൾ ചക്രവർത്തിയുടെ പുത്രനായ ഇഗ്നേഷ്യസ്, കോൺസ്റ്റാൻറിനോപ്പിളിം പാത്രിയക്കീസായിവരിക്കപ്പെട്ടു. തത്സമയം ചക്രവർത്തിപദമലംകരിച്ചിരുന്നതു് ആഡംബരപ്രിയനും ഭോജനതത്പരനുമായ മൈക്കൾ തൃതീയനായിരുന്നു. സ്വമാതൃസഹോദരനും ദുർമ്മാർഗ്ഗിയുമായ ബർദ്ദാസിൻെറ ഉപദേശാനുസരണമായിരുന്നു ഇദ്ദേഹം രാജ്യശാസനം നിർവഹിച്ചുപോന്നതു്. ബർദ്ദാസിൻെറ ദുരാചാരത്തിനു് ശിക്ഷയായി ഇഗ്നേഷ്യസ് ഒരുദിവസം പരസ്യമായി അദ്ദേഹത്തിൻെറ വിശുദ്ധ കുർബാനസ്വീകരണംമുടക്കി. ഇതിനുപ്രതികാരമായി, ഇഗ്നേഷ്യസിൽ രാജദ്രോഹമാരോപിച്ചു് ടെറേബിന്തസ് എന്ന ദ്വീപിൽ ഒരു തടവുകാരനാക്കി താമസിപ്പിക്കുകയും സഭയുടെ കാനൻ വിധിച്ചു് അനർഹനായ ഫോസിയാസിനെ ഏ. ഡി. 857-ൽ പാത്രിയക്കീസായി നിയമിക്കുകയും ചെയ്തു. തൻെറ വ്യാജടക്തിയും അമിതമായ സ്വാർത്ഥാസക്തിയുംനിമിത്തമല്ലായിരുന്നെങ്കിൽ കൂലീനനും കുശാഗ്രബുദ്ധിയും പണ്ഡിതശ്രേഷ്ഠനുമായ ഇദ്ദേഹം ഗ്രീക്കുസഭയുടേയും തദ്വാരാ കത്തോലിക്കുസഭയുടേയും ഒരു ഭൂഷണമാകുമായിരുന്നു.

ഇപ്രകാരം അന്യായമാർഗ്ഗത്തിലൂടെപ്രാപിച്ചസ്ഥാനം സുസ്ഥിരമാക്കുന്നതിനു് ഫോസിയസ് പഠിച്ചപണിപതിനെട്ടുംകഴിച്ചു. ഒരു വൈരം അത്മനിയായിരുന്നതാൻ ആദ്യദിവസംകൊണ്ടു് പാത്രിയക്കീസായിത്തീർന്നു. മെത്രാന്മാരിൽ ഭൂരിപക്ഷവും ഭയമോ ലൗകികപ്രലോഭനത്പരതയോനിമിത്തം ന്യൂനാധികാരിക്കു് കീഴ്വഴങ്ങി. തൻെറ ഇനിയത്തെശ്രമം ഇഗ്നേഷ്യസിനെക്കൊണ്ടു് രാജിവെപ്പിക്കുന്നതിനായിരുന്നു. ഇതു് മാനസി

കശക്തിമൂലം ഇസാധമെന്നുകണ്ടപ്പോൾ കരബലംപ്രയോഗിച്ചു് ഇഗ്നേഷ്യസു് സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു. ഏതൽപാർശ്വവത്തികളായ ഫോതാഷ്യുക്ഷന്മാരുടേയുംഗരി ഇതുതന്നെആയിരുന്നു. തദനന്തരം സ്വവരണാംഗീകാരത്തിനു് പാപ്പായായ നിക്കോളാസു് ഒന്നാമനെ ധൂത്താരീത്യാവൃത്താന്തംഅറിയിച്ചു. സമർത്ഥനും അഗാധബുദ്ധിയുമായ സഭാധ്യക്ഷനാകട്ടെ ദീർഘമായ ആലോചനയുടേയും ഒരു സംഘം വിളിച്ചുകൂട്ടിയതിന്റേയുംഫലമായി ഇഗ്നേഷ്യസിന്റെ സ്ഥാനഭ്രംശം അസാധുവായും ഫോസിയസിന്റെ പദാരോഹണം അന്യായമായും പ്രഖ്യാപനംചെയ്യുകയുംചെയ്തു.

'നഹിഗണയതിക്ഷുദ്രോ ജന്തുപരിഗ്രഹഫല'മ്ഹതാം,

(അല്പജന്തു സ്വീകൃത വസ്തുവിന്റെ ഭാരം ഗ്രഹിക്കുന്നില്ല)

എന്ന ആപ്തവാക്യം അനവത്തമാക്കുമാറു് ഫോസിയസു് ഒരു സുനഹദോസു് സമ്മേളിച്ചു് മാപ്പാപ്പായെ സ്ഥാനരഹിതനായി പ്രഖ്യാപനംചെയ്തു. ഏതാനും മെത്രാന്മാർ ഈ അക്രമപത്രികയിൽ ഒപ്പിട്ടുകയുംചെയ്തു. ബർഗേറിയായുടെമേലുള്ള അധികാരത്തെപ്പറ്റി ലത്തീൻകാരും ഗ്രീക്കുകാരുംതമ്മിലുണ്ടായിരുന്ന വിവാദം ഈ ഭിന്നതയെ സഹായിക്കുകയുംചെയ്തു.

കാര്യങ്ങളംഇങ്ങനെയിരിക്കെ ലഘരിസാധനപ്രിയനായ മൈക്കിൾ ചക്രവർത്തിവധിക്കപ്പെടുകയുംതന്മൂലംഫോസിയസ്സു് അധഃപതിക്കയുംചെയ്തു. പുതിയ ഭരണാധിപനായ ബേസിൽചക്രവർത്തി ഇഗ്നേഷ്യസിനെ തിരിച്ചുവിളിച്ചു് സ്വസ്ഥാനത്താക്കി.

ഈ സന്ദർഭം ശരിയായി വിനിയോഗിച്ചു് അഭിപ്രായവൈപരീത്യം നീക്കുന്നതിനായി മാപ്പാപ്പായായ ഹഡ്രിയൻ രണ്ടാമൻ എട്ടാമത്തെ സാർവ്വത്രികസംഘംവിളിച്ചുകൂട്ടി. ഇതു കോൺസ്റ്റാന്റിനോപ്പിളിലേ വി. സോഫിയായുടെദേവാലയത്തിൽ എ. ഡി. 869-ൽ സമ്മേളിച്ചു. ഏതൽ സമ്മേളനംമൂലം ഫോസിയസിന്റെ വൈദികസ്ഥാനപ്രയോഗംപോലും ഏന്നേക്കുമായിതടയപ്പെട്ടു. എന്നാൽ കാലക്രമേണ ഫോസിയസ്സു് ചക്രവർത്തിയുടെ പ്രീതിസമ്പാദിക്കുകയും തത്ഫലമായി എ. ഡി. 877-ൽ പാത്രിയക്കീസായി തിരിഞ്ഞെടുക്കപ്പെടുകയുംചെയ്തു. അനിർവാര്യമായ പരിസരങ്ങൾമൂലം മാപ്പാപ്പാ ജോൺ എട്ടാമനും അധിരാജന്റെ പ്രേരണയ്ക്കു് വശംവദനായി. തന്റെ കഴിഞ്ഞജീവിതത്തിലേ ദുരാചാരങ്ങളും പരസ്യമായി സമ്മതിക്കുകയും ബർഗേറിയായുടെമേൽ റോമാവൈദികസംസ്ഥാനത്തിനുള്ള മേലധികാരം വകവെച്ചുകൊടുക്കുകയുംചെയ്യാമെങ്കിൽ ഫോസിയസിന്റെ തെരഞ്ഞെടുപ്പു് അംഗീകരിക്കാമെന്നു് മാപ്പാപ്പാസമ്മതിച്ചു.

ദുരാശാപാശബന്ധിതരുണ്ടോ 'ഞാൻപിഴയാളി' പെരുമ്പാൻപോകുന്നു. ഗവിഷ്ഠനായ ഈ കുശാഗ്രബുദ്ധി ഒരു വൈദികപരീക്ഷയ്ക്കു് സമ്മേ

ളിച്ചു് പാപ്പാമാരായ നിക്കൊളാസിനേയും ഹഡ്രീയാനേയും ശപിക്കയും യോഹന്നാൻ മാപ്പാപ്പായുടെ തിരുവെഴുത്തു് സ്വാദീഷ്ടാനുസാരം തിരുപാന്തരപ്പെടുത്തി വായിക്കുകയുംചെയ്തു. ഗ്രീക്കുഭാഷ പരിചയമില്ലാതിരുന്ന മാപ്പാപ്പാപ്രതിനിധികളെ വഞ്ചിക്കാൻ ഫോസിയസിനും കൂട്ടാളികൾക്കും യാതൊരുവിഷമവും നേരിട്ടില്ല. സംഭവങ്ങളുടെ യാഥാർത്ഥ്യം ഗ്രഹിച്ചയുടനെ മാപ്പാപ്പാ ഫോസിയസ്സിനേയും അവിശ്വാസ്തരായ സ്വപ്രതിനിധികളേയും (Excommunicated) മഹാരോൻചൊല്ലി. ഈ വിഷമതങ്ങൾ നിൽച്ചക്രവർത്തിയുടെ മരണംവരെ നിലനിന്നു. തന്റെ അനന്തരഗാമിയും ഒരു തികഞ്ഞതത്വജ്ഞനുമായിരുന്ന ലെയോ ആറാമൻ എന്നചക്രവർത്തി മാപ്പാപ്പായുടെ ആജ്ഞയെ അക്ഷരംപ്രതി നിറവേറ്റുകയും ഫോസിയസിനെ ഏ. ഡി. 886-ൽ നിത്യമായിനിഷ്കാസനംചെയ്കയുംചെയ്തു. ചക്രവർത്തിയുടെ സോദരനായ സ്റ്റീഫൻ പാത്രിയർക്കീസായി ആരോഹണംചെയ്യപ്പെട്ടു. യഥാവിധി ശിക്ഷിക്കപ്പെട്ട ഫോസിയസ്സു് 891-ൽ കാലഗതിയടഞ്ഞു.

ഇക്കാലംമുതൽ പത്താംശതകത്തിന്റെ അന്ത്യഘട്ടംവരെ റോമും കോൺസ്റ്റാന്റിനോപ്പിളും പരസ്പരം മൈത്രിയിൽത്തന്നെ കഴിച്ചുകൂട്ടി. പഴയസാത്താൻ പുതിയവേഷത്തിൽ വീണ്ടുംപ്രത്യക്ഷപ്പെട്ടു. എവുസ്ത്രാസ്തിയോസു പാത്രിയർക്കീസിന്റെ ഭരണവേളയിൽ പൂർവ്വകാശവാദങ്ങൾക്കുപുറമെ 'സാർവ്വത്രികപാത്രിയർക്കീസു്' എന്ന നാമംകൂടി അദ്ദേഹം ആവശ്യപ്പെട്ടു. ഇതു് സാധിക്കയില്ലെന്നായപ്പോൾ ഭിന്നതവർദ്ധിച്ചു. ഉദാരശാപരിപുഷ്ടനായ മൈക്കൾ സെറുല്ലാരിയുസു് പാത്രിയർക്കീസായപ്പോൾ ഫോസിയസ്സിന്റെ കാലത്തേ ശീശ്മ പൂർവ്വാധികം ശക്തിമത്തായി പുനർജ്ജീവിപ്പിക്കയുംചെയ്തു.

പുതിയകഴപ്പങ്ങളുടെ ആവിർഭാവംകണ്ടു് അതു് വ്യാപിച്ചു് ഭയംകരമാകാതിരിപ്പാനായി പാപ്പായായ വി. ലെയോ പത്താമൻ തന്നാലാവുംവിധം പരിശ്രമിച്ചു. അവരുടെ ബാലിശങ്ങളായ ദോഷാരോപണങ്ങളെ പ്രത്യാഖ്യാനിച്ചു് അതിശക്തിമത്തായ ഒരു ലേഖനം താൻഅയച്ചു. എന്നാൽ ഇതെല്ലാം എരിയുന്നാരീയിൽ ചൊരിയുന്ന എണ്ണപോലെ ഈ സംഘട്ടനാഗ്നിയെ ഉജ്ജ്വലിപ്പിച്ചു് എ. ഡി. 1054-ൽ പരിപൂർണ്ണഭിന്നതയ്ക്കുകാരണമായിത്തീർന്നതേയുള്ളൂ. ഇക്കാലശേഷം ഗ്രീക്കുകാർ ചിലപ്പോഴെല്ലാം റോമുമായി രമ്യപ്പെട്ടിട്ടുണ്ടെങ്കിലും അതൊക്കെഅല്പായുസ്സുകളായിരുന്നു.

ആധുനികാവസ്ഥ.

ഇപ്രകാരം ഒരു കാലത്തു് കത്തോലിക്കസഭ തഴച്ചു വളർന്നിരുന്ന പണ്ഡിതരാജ്യത്തു് ഇപ്പോൾ അതു് വളരെ ശിഥിലീഭവിച്ചിരിക്കുന്നു.

ഏതദ്ദേശത്തേ നിവാസികളിൽ മഹാഭൂരിപക്ഷവും ഇപ്പോഴും കത്തോലിക്കേതരന്മാരാണു്. സത്യസഭയ്ക്കു് അവിടെ ഇപ്പോഴുള്ളതു് ഏഴരുപതകത്തും ഒരു വികാരി അപ്പസ്തോലിക്കാസ്ഥാനവുമാണു്. ഏകദേശം അൻപതു ലക്ഷം ഗ്രീക്കുകാരിൽ മൂന്നാലു മാത്രമാണു് കത്തോലിക്കർ. എത്രയോ ദുഃഖകരമായ ഒരു് അംശം.

ശീശ്മക്കാരുടെ ആരംഭകാലത്തോടുകൂടി ഗ്രീക്കുരാജ്യഭാരവാഹികളും കത്തോലിക്കസഭയെ നാനാവിധത്തിൽ ദ്രോഹിക്കുന്നുണ്ടു്. ന്യൂനമായി ദേവാലയം നിർമ്മിക്കുന്നതിനെ പ്രതിരോധിക്കുക, മിശ്രവിദ്യാഭ്യാസത്തിനു ബാലികാബാലന്മാരെ നിർബന്ധിക്കുക, വിദേശരാജ്യങ്ങളിൽ നിന്നും വരുന്ന പ്രേഷിതരുടെ സംഖ്യ നിവൃത്തിയുള്ളേടത്തോളം കുറയ്ക്കുക മുതലായ സംരംഭങ്ങളിൽ ഇവർ ബദ്ധശ്രദ്ധരാണു്. കത്തോലിക്കരിൽ ഇവർക്കു് പ്രീതി മഹമ്മദീയരോടും യഹൂദരോടും ആണു്.

ഇപ്രകാരം ജീവന്റെ ഉറവയിൽ നിന്നു് വളരെ അകലത്തിൽ സഞ്ചരിക്കുന്ന ഈ ആധ്യാത്മികാന്ധരുടെ മാനസാന്തരാർത്ഥം സത്യസ്നേഹികളും ഏവരും ഉള്ളുഴിഞ്ഞു് പ്രാർത്ഥിക്കാനാണു് ഈ മാസത്തിൽ പരിശുദ്ധപിതാവു് ഏവരോടും അഭ്യർത്ഥിക്കുന്നതു്.

സ്കൗട്ടുപ്രസ്ഥാനം.

(A. R. L. ജോസഫ് കുട്ടമ്മേൽ. ചങ്ങനാശേരി)

II

സ്കൗട്ടുപ്രസ്ഥാനത്തിനു് വ്യവ്യകുതുക്കളായ മൂന്നുഘട്ടങ്ങളാണുള്ളതു്. അവ Cubs, (കബ്സ്) Scouts (സ്കൗട്ട്സ്) Rovers (റോവേഴ്സ്) എന്നിവയാണു്. ഓരോന്നിനും വ്യത്യസ്തമായ ചില പ്രാരംഭപരിശീലനങ്ങളുമുണ്ടു്. ഏഴുവയസ്സുമുതൽ പതിനൊന്നു വയസ്സുവരെയുള്ള കുഞ്ഞുങ്ങൾക്കു് ഒന്നാമത്തെ പടവിയും 12 മുതൽ 17 വരെയുള്ള ബാലന്മാർക്കു് രണ്ടാമത്തേതും അതിനു മേല്പോട്ടുള്ളവർക്കു് റോവേഴ്സ് എന്ന മൂന്നാമത്തെ പടവിയും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

"കബ്" എന്നവാക്കിന്റെ അർത്ഥം പെണ്ണാട്ടി എന്നാണു്. സ്കൗട്ടുപ്രസ്ഥാനത്തിന്റെ പ്രഥമപടവിയിലുള്ള കുഞ്ഞുങ്ങളെ പെണ്ണാട്ടികൾ എന്നു് വിളിക്കുന്നതിനു് പ്രത്യേകകാരണമുണ്ടു്. പെണ്ണാട്ടികൾ

പ്രായേണ സഹജമായ ചൊടിപ്പും, ധൈര്യവും, ഉള്ളവയാണല്ലൊ. മാത്രമല്ല, കൂട്ടമായ് സഞ്ചരിക്കുമ്പോൾ ഒരു നായകനെ അനുഗമിക്കുന്നതിൽ അവ അന്യാദൃശമായ ശ്രദ്ധാന്തി പ്രദർശിപ്പിക്കുന്നവയുമാണു്. പെറിയ കൂട്ടികളിൽ തടിധൃണങ്ങളും സംജാതമാക്കുന്നതിനും ഉള്ളവയെ ഉത്തേജിപ്പിക്കുന്നതിനുമാണു് അവരെ ചെന്നാക്കുട്ടികൾ എന്നു വിളിക്കുന്നതു്.

ഒരു കുട്ടി യഥാർത്ഥ ചെന്നാക്കുട്ടിയാകുന്നതിനു് ഒരു പ്രാരംഭദശ കടക്കേണ്ടതുണ്ടു്. ഈ പ്രാരംഭദശയ്ക്കു് സ്കൗട്ടഭാഷയിൽ Tender Pad (റെൻഡർപാഡു്) എന്നാണു് പറയാറുള്ളതു്. പ്രസ്തുത പ്രാരംഭപഠനം കഴിഞ്ഞാൽ മാത്രമേ ഒരുവൻ യഥാർത്ഥ ചെന്നാക്കുട്ടി എന്ന സ്ഥാനത്തിനു് അർഹനാകുന്നുള്ളു. ചെന്നാക്കുട്ടികളുടെ പരിശീലനം മിക്കവാറും വിനോദങ്ങൾകൊണ്ടും ഗാനങ്ങൾകൊണ്ടും ഗുണകരവും വിനോദപ്രദവുമായ അഭിനയങ്ങൾകൊണ്ടും മറവുമാണു്. ഈ പദവിയിൽ സാമർത്ഥ്യപൂർവ്വം പ്രവർത്തിക്കുന്നവർക്കു് ബിരുദമുദ്രകൾ ലഭിക്കും. 1 st Star, 2 nd Star എന്നു രണ്ടുതരം ബിരുദമുദ്രകൾ അവർക്കായി നിർദ്ദേശിച്ചിട്ടുണ്ടു്.

11 മുതൽ 17 വയസ്സുവരെയുള്ളവരെയാണു് സ്കൗട്ട്സ് എന്നു പറയാറുള്ളതെന്നു് മുൻപു ഞാൻ പറഞ്ഞുവല്ലൊ. ഇവരുടെ പരിശീലനരീതിയും സ്ഥാനപ്രാപ്തിയും മറവും പ്രത്യേകവിധമാണു്. ഈ പദവിയിൽ പ്രവേശിക്കുന്നതിനു മുൻപും അംഗങ്ങൾ ഒരു പ്രാരംഭപരിശീലനം കഴിക്കേണ്ടതുണ്ടു്. ഈ പ്രാരംഭഘട്ടത്തെ Tender Foot (റെൻഡർഫൂട്ടു്) എന്നാണു് സ്കൗട്ടപ്രസ്ഥാനം നാമകരണം ചെയ്തിരിക്കുന്നതു്. പ്രാരംഭദശയിൽ നിന്നു് ആത്മാഭിമാനം, രാജഭക്തി, പരോപകാരശീലം, സൗഹാർദ്ദം, മര്യാദ, ജന്തുബന്ധുത്വം എന്നീ ഗുണങ്ങൾ ആർജ്ജിക്കുന്നവർ മാത്രമേ സ്കൗട്ട സ്ഥാനാരോഹണത്തിനു് അർഹരാകുന്നുള്ളു. ഇതിനും പുറമേ, സ്ഥാനാരോഹണാർഹന്മാക്കു് രാജ്യഭക്തിചിഹ്നമായ രാജ്യപാതകയെപ്പറ്റി ജ്ഞാനമുണ്ടായിരിക്കണം. സ്കൗട്ടസംഘാംഗങ്ങളുടെ പ്രധാന ആയുധമായ ദണ്ഡിന്റെ ഉപയോഗങ്ങളും, അതുകൊണ്ടു സൂചിപ്പിക്കേണ്ട അടയാളങ്ങളും, ആചാരസൂചനകളും അവർ ഗ്രഹിച്ചിരിക്കണമെന്നതും നിർബന്ധമാണു്. പ്രസ്തുത പഠനം കഴിഞ്ഞാൽ അടുത്തപടി, സ്ഥാനാരോഹണമാണു്.

സ്ഥാനാരോഹണത്തിനു് ചില പ്രത്യേക ചടങ്ങുകളും ഉണ്ടു്. അവ ഏറ്റവും ഗൗരവതരം തന്നെയാണു്. അവയെല്ലാം ഇവിടെ സമഗ്രമായി വിവരിക്കുവാൻ നിവൃത്തിയില്ലാത്തതിനാൽ ഏറ്റവും പ്രധാനമായവയെ സംബന്ധിച്ചുമാത്രം അല്പം പറയാം. സമയവും സൗകര്യവും ഉണ്ടെങ്കിൽ, സ്കൗട്ടവിനോദങ്ങൾകൊണ്ടും കായികാഭ്യാസപ്രദർശനങ്ങൾ വഴിയായും സ്ഥാനാരോഹണം ആഘോഷപൂർവം നടത്താറുണ്ടു്, സംഘാംഗ

മാകേണ്ടവൻ സംഘാധിപ (Scout Master) നേറയോ അഥവാ അ ദ്ദേഹത്താൽ നിയുക്തനാക്കുന്ന മറ്റധികാരിയുടേയോ മുൻപിലേയ്ക്കു ആന യിക്കപ്പെടുന്നു. തത്സമയം അയാളെ സ്വീകരിക്കേണ്ട 'ഗണം' (Troop) ഔദ്യോഗികവേഷത്തിൽ, അയാളെ പ്രതീക്ഷിച്ചു് അണിനിരന്നു നില്ക്കുന്നു. അവരുടെയെല്ലാം മുൻപാകെ, സ്കൗട്ടുപതാക തൊട്ടുകൊണ്ടു്, അയാൾ താഴെപ്പറയുന്ന മൂന്നു വലിയ സത്യപ്രതിജ്ഞകളും ചെയ്യണം.

1) ദൈവത്തോടും, രാജാവിനോടുമുള്ള ചുമതലകളും അനുദിനം നിർവഹിക്കുവാൻ എന്നാൽ കഴിയും വിധമെല്ലാം യത്നിച്ചുകൊള്ളാം.

2) ഏതവസരത്തിലും, ഞാൻ ശക്ത്യനുസരണം മറ്റുള്ളവരെ സഹാ യിക്കാം.

3) സ്കൗട്ടുനിയമങ്ങളും അനുസരിച്ചുകൊള്ളാം.

ഈ പ്രതിജ്ഞകളും എല്ലാം അയാളുടെ അഭിമാനത്തെ സാക്ഷിയാക്കിയാണു് ചെയ്യുന്നതു്. ഇതിനെക്കാൾ ഗൗരവതരമായ ഒരു പ്രതിജ്ഞ വേറേയില്ലെന്നുവേണം പറയുവാൻ. ഈ പ്രതിജ്ഞകളെ അനുപദം അനുവർത്തിക്കു വാൻ സ്കൗട്ടുസംഘാംഗങ്ങളും ഏവരും നിർബ്ബന്ധിതരാണു്. ഇക്കാര്യ ത്തിൽ അവംര സഹായിപ്പാൻ അവരെപ്പോലെതന്നെ പ്രതിജ്ഞ ചെയ്തി ട്ടുള്ള അധിപന്മാരും നിർബ്ബന്ധിതരാണു്. ഈ മഹാപ്രതിജ്ഞയോടുകൂടി ഒരുവൻ ഒരു വലിയ സഹോദരസംഘത്തിന്റെ അംഗമായിത്തീരുന്നു. അ തിനാൽ, സംഘത്തിൽ പെരുമാറേണ്ടവിധം, സഹോദരസഹായം എന്നു വയെല്ലാം അവൻ ക്രമേണ ഗ്രഹിച്ചുതുടങ്ങും. നായകന്റെ (Leader) ആജ്ഞകളെ ശിരസാ വഹിക്കുവാൻ ഏവനും സന്നദ്ധനായിരിക്കണം. പ്രായവ്യത്യാസം ആജ്ഞാനുവർത്തനത്തിൽനിന്നു് യാതൊരു സ്കൗട്ടുസംഘാം ഗത്തേയും വിമുക്തനാക്കുന്നില്ല. ഒരുപക്ഷേ നായകൻ തന്നെക്കാൾ പ്രാ യം കുറഞ്ഞവനോ തുല്യപ്രായനോ ആയിരിക്കാം. എന്നാൽ സ്കൗട്ടിനു് അതു് അനുചിതമെന്നു തോന്നുകയില്ല.

ഈ പദവിയിൽ വിജയകരമായി പ്രവർത്തിക്കുന്നവർക്കു് ബിരുദമുദ കളും നല്കാറുണ്ടു്. ഏതെങ്കിലും വിഷയത്തിൽ സാമർത്ഥ്യമില്ലാത്തവർ ചു രുക്കമാണല്ലൊ. എന്നാൽ അവസരം ലഭിക്കാഴികയാലും പ്രോത്സാഹന ദൗർലഭ്യത്താലും അവ നിർജ്ജീവമായി സ്ഥിതിചെയ്യുന്നുവെന്നു മാത്രമേ യുള്ളു. ഇങ്ങനെ, ഓരോരുത്തരിലും അന്തർല്ലീനമായി കിടക്കുന്ന സാമ ർത്ഥ്യത്തെ ഉത്തേജിപ്പിക്കുന്നതിനാ ണു് ബിരുദമുദകളും നല്കാറു ള്ളതു്.

ഈ ഘട്ടത്തിൽനിന്നു്, ഒരു രണ്ടാംക്ലാസ്സു് സ്കൗട്ടാകുന്നതിനു് പലേ സംഗതികളിൽ പ്രാവീണ്യം സമ്പാദിച്ചിരിക്കണം. അവയിൽ അതിപ്രധാ

നമായവ:— ആരോഗ്യരക്ഷാനിയമങ്ങളും ഗ്രഹിച്ചിരിക്കുക, ഒടിവു്, ചതവു് എന്നിതുകളും ശരിപ്പെടുത്തുന്നതിനു് പരിചയപ്പെടുക, മുറിവുകളും കഴുകി വൃത്തിയാക്കി കെട്ടുന്നതിനു് വശമുണ്ടായിരിക്കുക, സ്കൗട്ട്സിന്റെ പലവിധ അടയാളസൂചനകളും അറിഞ്ഞിരിക്കുക, മരംകയറുന്നതിനും, ദൗത്യം വഹിക്കുന്നതിനും അഭ്യസിച്ചിരിക്കുക, ഭക്ഷണം പാകം ചെയ്യുന്നതിനു പരിചയപ്പെട്ടിരിക്കുക എന്നിതുകളാണു്. ഈവിധ അഭ്യസനങ്ങൾക്കു പുറമേ, കുറഞ്ഞപക്ഷം 8 അണയെങ്കിലും ഒരു സ്കൗട്ടിനു് എപ്പോഴും സമ്പാദ്യമുണ്ടായിരിക്കണമെന്നതും നിർബ്ബന്ധമാണു്.

ഒന്നാംക്ലാസ്സു് സ്കൗട്ടാകണമെങ്കിൽ മുൻപറഞ്ഞ പരിശീലനങ്ങൾക്കു പുറമേ മറ്റുള്ളവരെ പഠിപ്പിക്കുന്നതിനും പടംനോക്കി ദിക്കും ദേശവും അറിഞ്ഞു പരസഹായം കൂടാതെ ദേശാടനം ചെയ്യുന്നതിനും അഭ്യസിച്ചിരിക്കണം. എങ്കിലും, 1–ാംക്ലാസ്സു മുദ്ര ലഭിക്കണമെങ്കിൽ നീന്തു്, മിതവ്യയശീലം, അറിവുപ്പു്, മെഡിക്കൽപ്രയോഗം, കോടാലിപ്പണി എന്നിവ പരിശീലിച്ചിരിക്കേണ്ടതിനും പുറമേ, കമ്പിഅടിക്കുന്നതിനും മുങ്ങിച്ചാകാൻ പോകുന്നവരെ രക്ഷിക്കുന്നതിനും എന്നുവേണ്ട, ഒപ്പെടുന്നതുകൊണ്ടാകുന്ന ഏതാപത്തിലും മനസ്സാന്നിധ്യത്തോടുകൂടെ പ്രവർത്തിക്കുന്നതിനുള്ള സാമർത്ഥ്യവും ഉണ്ടായിരിക്കണം. ഒന്നാംക്ലാസ്സു മുദ്ര വാങ്ങിയതുകൊണ്ടുമാത്രം ഒരുവൻ അത്യുച്ചസ്ഥാനത്തെ പ്രാപിക്കുന്നില്ല. King's Scout (കിംങ്ങ്സ്കൗട്ട്) എന്ന ബഹുമതി ലഭിക്കണമെങ്കിൽ നാലു പരോപകാരകൃത്യങ്ങളിലെങ്കിലും ജീവൻ നേടിയിരിക്കണം.

ഈ സമയത്തിനുള്ളിൽ പാളയമിറങ്ങുന്നതി (Camping) ന്റെ പ്രയോജനങ്ങളും എല്ലാ സ്കൗട്ട് അംഗങ്ങളും മനസ്സിലാക്കിയിരിക്കും. പാളയമിറങ്ങുന്നതിൽനിന്നു സിദ്ധിക്കുന്ന ഗുണങ്ങളും നിരവധിയാണു്. കൂട്ടമായി കൂടിലിൽ വസിക്കുന്ന സ്കൗട്ട്സിനു് സാമൂഹ്യാചാരരീതികളും നിഷ്പ്രയാസം വശമാകുന്നു. പാളയത്തിൽ, തനിക്കുവേണ്ടി ജോലിചെയ്യുന്നതിനു് ഭൃത്യന്മാരും മറ്റുമില്ലാത്ത സ്ഥിതിക്കു് തനിത്താൻ ജീവിക്കുവാൻ സ്കൗട്ട് സ്വയം അഭ്യസിക്കുന്നു. വസ്ത്രം ശുചിയാക്കി സൂക്ഷിക്കുന്നതിനും, അവയുടെ കേടുപാടുകളും പരിഹരിക്കുന്നതിനുംമറ്റും അവിടെ അവർ സ്വയം പ്രേരിതരാകാതെ ഗത്യന്തരമില്ലല്ലൊ. മാത്രമല്ല, താല്ക്കാലികാവശ്യങ്ങൾക്കു്, ആവശ്യമായ സാമഗ്രികളും സ്വകരങ്ങളാൽതന്നെ നിർമ്മിക്കുന്നതിനും പാളയജീവിതത്തിൽ അവർ അഭ്യസിക്കുന്നു. പ്രകൃതിരാമണീയകം കണ്ടാസ്വദിക്കുന്നതിനും, തദ്വാരാ പ്രകൃതി കർത്താവിനെ സമീപിക്കുന്നതിനും പാളയജീവിതംപോലെ പറ്റിയ മറ്റു മാർഗ്ഗമില്ലത്രെ. കാട്ടുജന്തുക്കളും, പറവകളും, ഈച്ചകളും, ഇഴജന്തുക്കളും എന്നിവയുടെ ജീവിതരീതികളും മനസ്സിലാക്കുന്നു

തിനും അവയെ ഇണക്കി വച്ചത്തുന്നതിനും വേണ്ടപരിചയം സിദ്ധിക്കുന്നതിനും പാളയജീവിതം ഏറ്റവും പ്രയോജനപ്പെടുന്നു. ഓരോ അംഗത്തിന്റെ (സ്കൗട്ടിന്റെ) യും സ്വഭാവരീതികൾ പഠിക്കുന്നതിനും, അവരുടെ പെരുമാറ്റങ്ങളിലുള്ള ന്യൂനതകളെ ചൂണ്ടിക്കാണിക്കുന്നതിനും പാളയജീവിതമാണ് അധിപനെ അധികം സഹായിക്കുന്നതു്. പാളയജീവിതത്തിൽ നിന്നു് ആർജ്ജിക്കുന്ന സർവ്വപ്രധാനമായ മറെറാരു ഗുണം ഐകമത്യമാണു്. "ഒത്തുപിടിച്ചാൽ മലയുംപോരും", "ഒരുമയുണ്ടെങ്കിൽ ഉലക്കപ്പുറത്തും ശയിക്കാ"മെന്നും മറും സ്കൗട്ടസംഘാംഗങ്ങൾക്കു് പാളയജീവിതസമയത്തു് അനുഭവപ്പെടാതിരിക്കുകയില്ല.

സ്കൗട്ടപ്രസ്ഥാനത്തിന്റെ അവസാനത്തെ ഘട്ടം Rover (റോവർ) എന്നതാണല്ലൊ. 18 വയസ്സുമുതൽമേല്പോട്ടുള്ളവരെഉദ്ദേശിച്ചാണു് ഈവിഭാഗം ഏർപ്പെടുത്തിയിരിക്കുന്നതു്. റോവേഴ്സു് സഞ്ചാരികളാണു്. മറെറാരുണ്ടു പദവികളിൽനിന്നും ആർജ്ജിച്ചിട്ടുള്ള ഗുണങ്ങളും, ദേശാടനംചെയ്തു, പരോപകാരാർത്ഥം വിനിയോഗിക്കുകയത്രേ ഇവരുടെ ചുമതല. പ്രകാരാന്തരേണ പറയുന്നപക്ഷം റോവർ സ്കൗട്ടുസ് ഉത്തമ പൗരന്മാരായിരിക്കണമെന്നതാണു് പ്രതീക്ഷ.

ജനസംഖ്യയുടെ വർദ്ധനവു്.

കഴിഞ്ഞ പത്തു വർഷത്തിനിടയിൽ ഇൻഡ്യയിൽ 10 ശതമാനവും, സിലോണിൽ 18 ശതമാനവും, ജാവായിൽ 26 ശതമാനവും, അമേരിക്കൻഐക്യനാടുകളിൽ 16 ശതമാനവും ജനസംഖ്യ വർദ്ധിച്ചിട്ടുള്ളതായിക്കാണുന്നു. കഴിഞ്ഞ 50 വർഷത്തെ കണക്കനുസരിച്ചു് ഇൻഡ്യയിൽ 39 ശതമാനവും ഇംഗ്ലണ്ടിൽ 53. 3/4 ശതമാനവുമാണു ജനസംഖ്യ വർദ്ധിച്ചിരിക്കുന്നതു്. ഈ ജനസംഖ്യയെ ഭൂമിയുടെ വിസ്തീർണ്ണമനുസരിച്ചു വിഭജിച്ചാൽ ചതുരശ്രമൈലൊന്നിനു ഇൻഡ്യയിൽ 195-ം ഇംഗ്ലണ്ടിൽ 685-ം മറെറ യൂറോപ്യൻനാടുകളിൽ 127-ം ആളുകൾ വീതമുണ്ടെന്നു കാണാം. വേറൊരു സംഗതി, ഇൻഡ്യയിൽ അധിവസിക്കുന്നവരെക്രൂടാതെ ഗ്രേറ്റബ്രിട്ടനിലെ നിവാസികളിൽ നാലിലൊരു ഭാഗത്തേയും (ഏകദേശം ഒരു കോടി 20 ലക്ഷത്തേയും) ഇൻഡ്യാരാജ്യം സംരക്ഷിച്ചുവരുന്നുണ്ടെന്നുള്ളതാണു്. അതായിതു്; ഗ്രേറ്റബ്രിട്ടനിലേ ഓരോ നിവാസിയും സമ്പാദിക്കുന്ന ഓരോ പവനിലും 5 ഷില്ലിംഗു വീതം ഇൻഡ്യയിൽ നിന്നു വരുന്ന തുകയാണെന്നു റോതർമേർ പ്രഭു കണക്കാക്കിയിരിക്കുന്നു.

ജനസംഖ്യയുടെ വർദ്ധനവുകൊണ്ടു് ഭയപ്പെട്ടു് നിയന്ത്രണം വേണമെന്നഘോഷിക്കുന്നവർക്കു് ഈ കാര്യം ഒരു പാഠമാണു്.

ജപാപ്പസ്തോലസഖ്യം.

I

ചങ്ങനാശേരി സെൻറ് ബാക്കുമാൻസ് ബോർഡിംഗ്, കാഞ്ഞിരപ്പള്ളി, ആനക്കല്ല, എളങ്ങോയി, പായിപ്പാട്, മിത്രക്കരി, എന്നീസ്ഥലങ്ങളിലെ ജപാപ്പസ്തോലസഖ്യാംഗങ്ങൾ, നവംബർ ഡിസംബർ മാസങ്ങളിൽ ഈശോയുടെ തിരുഹൃദയത്തിനു സമർപ്പിച്ച

സുകൃതഭണ്ഡാരം

1 ദൈവസ്നേഹപ്രകരണം	1343816
2 കൊന്തനമസ്കാരം	26249
3 സ്ലീവാപ്പ്രാത	955
4 ശ്ര. കു. ഉൾക്കൊള്ളൽ	1534
5 അരുപിക്കട്ടത്ത ,,	8656
6 ആത്മശോധന	3146
7 വേലചെയ്തനാഴിക	12511
8 മൗനം അനുഷ്ഠിച്ചുണിക്കൂർ	3436
9 ജ്ഞാനവായന	2791
10 കുർബാന കൊല്ലിച്ചതു്	9
11 കുർബാന കണ്ടതു്	2881
12 ആശയടക്കങ്ങൾ	2917
13 പ്രായശ്ചിത്തങ്ങൾ	1914
14 ആത്മിക മനോഗുണപ്രവൃത്തി	5828
15 ശാരീരികമനോഗുണപ്രവൃത്തി	2938
16 വിവിധ ജപങ്ങൾ	441370
17 നല്ലറവണ്ണം കഴിച്ചുല്ലാസം	1163
18 ദുഃഖാരിഷ്ടതകൾസഹിച്ചതു്	11211
19 പ്രത്യേകദൃഷ്ണവിജയം	881
20 വി. കു. വീസീത്ത	1858
21 മറവുണ്യപ്രവൃത്തികൾ	20019

പ്രത്യേകനിയോഗങ്ങൾ

1 ഇടവകകൾ	10135
2 മുഴുവൻ ധ്യാനം	2100
3 ദൈവവിളി	10070
4 പള്ളിക്കൂടങ്ങൾ	1095
5 വിദ്യാർത്ഥികൾ	10055
6 പരീക്ഷാവിജയം	20085
7 കുടുംബങ്ങൾ	100255
8 മാതാപിതാക്കന്മാർ	145
9 യുവജനങ്ങൾ	20058
10 മക്കൾ	10047
11 സഖ്യപ്രോത്സാഹികൾ	29
12 പതിതരുടെമാനസാന്ത.	70104
13 അജ്ഞാനികളുടെ ,,	700135
14 ദുഷ്കരോലിക്കരുടെ ,,	179
15 മദ്യപാനികളുടെ ,,	59
16 ശത്രുക്കളുടെ രമ്യം	58
17 മരിച്ച വിശ്വാസികൾ	900305
18 ഭാഗ്യമരണം	2650
19 ഉദ്യോഗം	60
20 പണസഹായം	45
21 പ്രത്യേകമനോഗുണങ്ങൾ	25

N. B. 1. ഓരോമാസത്തിലും ഇപ്രകാരം മാസികയിൽ ചേർക്കാനുള്ള "സുകൃതഭണ്ഡാരത്തിൻറെ" ആകെത്തുക തലേമാസം പതിനഞ്ചാംതീയതിക്കുമുൻപു് ഇവിടെകിട്ടത്തക്കവണ്ണം അയച്ചുതരണമെന്നു് ഓർമ്മിപ്പിച്ചുകൊള്ളുന്നു. ഏതുമാസത്തേതെന്നും ഏതിടവകയിൽനിന്നെന്നുംപ്രത്യേകം കാണിച്ചിരിക്കേണ്ടതാണു്.

2. സുകൃതഭണ്ഡാരമാതൃക അച്ചടിച്ച ഫാറംവേണമെന്നുള്ളവർക്കു് നൂറിനു് രണ്ടണ വിലക്കു് മാനേജരുടെ ആപ്പീസിൽനിന്നും കിട്ടുന്നതാണു്.

ജ. അ. സ. കു. ഡ.,

ക. പ., ചങ്ങനാശേരി.

II

1934 ഫെബ്രുവരിമാസത്തെ പൊതു നിയോഗം.

ദൈവം പിതാവായിട്ടും അയൽക്കാരൻ സഹോദരനായിട്ടും എല്ലാവരാലും അംഗീകരിക്കപ്പെടുന്നതിനു്.

രോഗനിവാരണത്തിനു് പ്രഥമത: അത്യന്താപേക്ഷിതമായതു് ശരിയായി പരിശോധിച്ചു് ദീനത്തിന്റെ മൂലകാരണം കണ്ടുപിടിക്കുകയാകുന്നു. നരവംശത്തിന്റെ കല്യാണദശയെ അത്യൽകണ്ണായോടെ പാത്തിരിക്കുന്നവരിൽ അഗ്രേസരൻ കാത്തോലിക്കസഭയുടെ പരമാധ്യക്ഷനാണെന്നു് ഇതുവരെയുള്ള ലോകചരിത്രം മുക്തകണ്ഠം ഉദ്ഘോഷിക്കുന്നു. ആധുനികകാലത്തു് ഈ സ്ഥാനം എത്രയും പ്രൗഢിയോടെ അലംകരിക്കുന്നവനും നിരീക്ഷണവിദഗ്ദ്ധനുമായ മാപ്പ്പാക്രുസലന്യേ പറയുന്നതു് ലോകത്തിന്റെ പ്രാചിനവും അർവ്വാചിനവുമായ സകലവിഷമങ്ങൾക്കും കാരണം നിരീശ്വരവാദം ആണെന്നാണല്ലോ. ഇതിൽ നിന്നു് ലോകത്തെ ഉദ്ധാരണം ചെയ്യുന്നതിനു് ഓരോ പോംവഴികൾ ചൂണ്ടിക്കാണിക്കയും നിവൃത്തിമാർഗ്ഗം നേടുന്നതിനു് താൻ സമസ്തലോകത്തിന്റേയും വിശിഷ്യ ജപമാലസ്നേഹസംഖ്യാംഗങ്ങളുടേയും പ്രാർത്ഥനകൾ പൈതൃകസ്നേഹാനുതാപം യാചിക്കയും ചെയ്യാറുണ്ടു്.

ഈമാസത്തിൽ പ. പിതാവു് പ്രസ്തുത സഖ്യാംഗങ്ങളുടെ പ്രാർത്ഥനയ്ക്കു് സമർപ്പിക്കുന്ന വിഷയം ദൈവം പിതാവായിട്ടും സമീസ്താൻ സഹോദരനായിട്ടും എല്ലാവരാലും അംഗീകരിക്കപ്പെടുക" എന്നതാണു്. ലോകത്തിന്റെ ക്ഷണഭംഗുരതയേയും അല്പത്വത്തേയും ദൈവികമാഹാത്മ്യത്തേയും അധികരിച്ചു് ക്ഷണനേരമെങ്കിലും ധ്യാനിച്ചിട്ടുള്ളവർക്കു് ഈ പ്രാർത്ഥനാവിഷയത്തിന്റെ പ്രയോജനവും അഗാധത്വവും ഗ്രഹിക്കാൻ വിഷമമില്ല. ഭൗമികൈശ്വര്യം പരിമിതവും മാനുഷികാഭിലാഷം അപരിമിതവുമത്രെ. ഇപ്രകാരമിരിക്കെ പരിമിതമായ ഒന്നിനു് അപരിമിതമായ മാനുഷികാഭിലാഷത്തെ തൃപ്തിപ്പെടുത്തുവാൻ സാധിക്കുമോ? ലോകം മുഴുവനും ഒരാൾക്കു ലഭിച്ചുവെന്നിരിക്കട്ടെ. എന്നാൽ അയാൾ തൃപ്തിയടയുമോ? ഇതഃപര്യന്തം ജീവിച്ചിരുന്നവരിൽ ആരു് സ്വപ്നവസ്തുക്കൾ കൊണ്ടു് സംഗ്രഹപൂർത്തി വരുത്തിയിട്ടുണ്ടു്. 'ദൈവമെ! നിന്നെ കണ്ടെത്തുന്നതുവരെ മനുഷ്യൻ ആശ്വസിക്കുന്നില്ല' എന്ന വി. ആഗസ്തീനോസിന്റെ വിദുരവാക്യവും ലോകം മുഴുവനും നേടിയാലും ആത്മാവു് നശിച്ചാൽ നിനക്കെന്തുപയോജനം' എന്ന നമ്മുടെ രക്ഷിതാവിന്റെ ജീവപ്രസാവോക്തിയും ലോകായത്തക്കു് പറ്റിയ മരുപടി തന്നെ. സർവഭൗതികവിഷയങ്ങളും മായാമയമെന്ന ശ്ലോമോന്റെ ആപ്തവാക്യവും ഈ അവസരത്തിൽ സ്മരണീയമാണു്.

ഇപ്രകാരം മായാവിഹായവ പൂർണ്ണമനസാ പരിത്യജിക്കുന്നതിനു് നമുക്കു പ്രാപ്തരാക്കുന്നു സിദ്ധൗഷധമാവുന്നു ദൈവം പിതാവായി അംഗീകരിക്കു

പ്പെടുക എന്നുള്ളതു്. ഐഹിക വസ്തുക്കൾ ഉപേക്ഷിക്കുക, അഥവാ വൈരാഗ്യം അഭ്യസിക്കുക അത്ര എളുതായ കാര്യമല്ല. എന്നാൽ നമ്മുടെ പിതാവായിദൈവം എന്നൊരാൾ ഉണ്ടെന്നും താൻ നമ്മെ നിത്യമായിട്ടു സ്നേഹിക്കുന്നുവെന്നും തന്നെ വിശ്വാസപൂർവ്വം സേവിക്കുകയും തന്റെ പ്രണയസന്ദേശം ലോകരെ അറിയിക്കുന്നതിനായി ആത്മബലി സമർപ്പണത്തിനു് സർവ്വാത്മനാ സന്നദ്ധരാകുകയും ചെയ്യുന്നവർക്കു് ഈ പ്രേമസത്രുവൻ മനുഷ്യബുദ്ധിക്കു നിരുപിക്കാൻ കൂടിപാടില്ലാത്തസമ്മാനംഒരുക്കിയിരിക്കുന്നുഎന്നും ബോധപ്പെടുമ്പോൾ ഏതു വിധ സന്ന്യാസവും എത്രകഠിനമായ വൈരാഗ്യവും ആകർഷണീയമായിത്തീരുന്നും എന്നതിനു് അസ്സീസ്സിയിലേ മഹർഷിയുടെ ചരിത്രം ഒരുമൂർത്തീഭാവിഷ്കരിക്കുന്ന ദാഹരണമത്രെ. സ്നേഹം മരണത്തെക്കാൾ ശക്തിയുള്ളതാകുന്നു. 'കർത്താവിന്റെ പ്രേമത്തിൽ നിന്നും എന്നെ ആരു് ഭേദിക്കും' എന്ന വി പൌലോസിന്റെ വാക്യവും ഈ വിചാരപരമ്പരയാണു് നമ്മിൽ ഉദ്ദീപിക്കുന്നതു.

ദൈവം പിതാവെന്നു് മനസ്സിലാവുമ്പോൾ മനുഷ്യരെല്ലാവരും സഹോദരന്മാരാണെന്നു് അനായാസേന ഗ്രഹിക്കാം. ഇപ്രകാരം സ്വർഗ്ഗീയ സ്നേഹഗീതം കീർത്തിക്കയും തജ്ജന്യമായ ആദർശാനുസാരം ജീവിതംനയിക്കയും ചെയ്യുന്ന പ്രണയോപജീവികളുടെ ദൗർല്ലഭ്യമത്രെ ഇന്നത്തെ സാമ്പത്തികവും രാഷ്ട്രീയവുമായ സകല ഉർദ്ധമപ്രശ്നങ്ങളുടേയും ഉല്പത്തിസ്ഥാനം. പരസ്പരം ഗാഢമായി ബന്ധിക്കപ്പെട്ടിരിക്കുന്ന ഈ സുഹൃത്സന്ദേശങ്ങൾ ജനസമുദായങ്ങളും തദ്ഭരണകർത്താക്കളും നേരാംവണ്ണംശ്രവിച്ചു് പ്രായോഗികമാക്കിയിരുന്നെങ്കിൽ യുദ്ധങ്ങളും സഹോദരവിദ്വേഷവും അതിസിമമായ സ്വാർത്ഥരാഷ്ട്രസ്നേഹവും ധനികവാദവും (Pluotcracy) സമഷ്ടിവാദവും പമ്പകടന്നു് തൽസ്ഥാനത്തു് സമാധാനപ്രദമായവാദം സുസ്ഥാപിതമാകുമായിരുന്നു.

അന്യോന്യവിശ്വാസമില്ലായ്മയും അമിതമായ ഭൗതികാസക്തിയുംകൊണ്ടു് ഇപ്രകാരംവലയുന്ന ലോകത്തെ ഈ സ്നേഹൗഷധസംഗ്രഹത്താൽ ഭേദപ്പെടുത്താമെന്നാണു് പരി. പിതാവിന്റെ ആശ.

ഈ ആഹ്വാനം സാധ്യമാവുന്നതിനു് എല്ലാവരും ഈശോയുടെ ദിവ്യഹൃദയത്തോടു് സ്നേഹപൂർവം യാചിക്കേണ്ടിയിരിക്കുന്നു. വി. പൌലോസുശ്ലീഹാ പറയുന്നതുപോലെ ക്രമാനുസരണം പോരാടുന്നവനല്ലാതെ കിരീടംലഭിക്കുന്നില്ല. ഇപ്രകാരംതന്നെ യഥാവിധി യാചിക്കുന്നവനുമാത്രമേ ഭിക്ഷകിട്ടുന്നുള്ളൂ. ആകയാൽ നമുക്കു് ഈ കരുണ്യഹൃദയത്തോടു് ഇപ്രകാരം അപേക്ഷിക്കാം. "ഞങ്ങളുടെപരമസ്നേഹത്തിനു് യോഗ്യവും ഞങ്ങളുടെ സമാധാനവും രമ്യവും ആയഈശോയുടെ ഹൃദയമേ" "ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെപിതാവെ, നിന്റെ തിരുനാമം ശുദ്ധമാകപ്പെടണം, നിന്റെ രാജ്യംവരണം, നിന്റെ തിരുമനസ്സു് ആകാശത്തിലേപ്പോലെ ഭൂമിയിലുമാവണം" എന്ന അങ്ങയുടെ പ്രാർത്ഥന ഒരു നവീനപദ്ധതിയുടെ അടിസ്ഥാനമാക്കിക്കൊണ്ടു് സകലമനുഷ്യരും ഒരുമയിൽവർത്തിപ്പാൻ ഇടവരുത്തിയരുളേണമേ.

III

"പൌലോസപ്പോസ്തലന്റെ പ്രേഷക രംഗമായ ഗ്രീസിലേക്കുസ്ത്യാനികൾ സഭയുടെ ഐക്യത്തിലേക്കു് പിന്തിരിയുന്നതിനു്" (242-ാം പുറത്തെ ലേഖനം നോക്കുക)

ഭാരതമിഷൻരംഗം

സാറ്റൂർ മിഷനിൽ ചേരുന്നതിനായി ഈ രൂപതയിലേ പല ഇടവകകളിൽനിന്നുമായി പതിനഞ്ചു യുവതികൾ ഈ ജനുവരി 20-ാംതീ- ഒരു വന്ദ്യ വൈദികന്റെ നേതൃത്വത്തിൽ പോയിരിക്കുന്നു.

* * * *

ഇൻഡ്യയിലേ ഈശോ സഭക്കാരുടെ നൊവിഷ്യേറ്റ് (നവസന്ന്യാസികളുടെ പരിശീലനാലയം) മധുരമിഷനിൽപെട്ട ഷമ്പഗന്നൂരിൽമാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ പുതിയ സന്ന്യാസികളുടെ സൌകര്യാർത്ഥം വടക്കേ ഇൻഡ്യയിൽ റാഞ്ചിയിലും തെക്കു കോഴിക്കോട്ടും ഓരോ ജസ്വിട്ട് നൊവിഷ്യേറ്റുകൾ തൽപ്രവർത്തകന്മാർ സ്ഥാപിച്ചിരിക്കുന്നു.

* * * *

ഈ ജനുവരി ആറാംതീയതി ബാങ്കളൂർ സിറ്റി കൊൺവൻറിൽവച്ച് അവിടത്തെ മെത്രാനായ മോൺസിഞ്ഞോർ ഡെസ്പെരാറൂർ തിരുമനസ്സുകൊണ്ട് ഒൻപതു സഹോദരിമാർക്കു സഭാവസ്ത്രം കൊടുക്കുകയുണ്ടായി. ഇവരിൽ ഏഴുപേരും മലയാളത്തിലേ സഹോദരികളായിരുന്നു എന്നുള്ളതു നമുക്കു അഭിമാനകരമത്രേ.

* * * *

സലേഷ്യൻ മിഷനിൽ ചേരുന്നതിനായി പുലിംകൺസ്വദേശിയായ ഒരു യുവാവും വിശാഖപട്ടണം മിഷനിൽ ചേരുന്നതിനായി കാഞ്ഞിരപ്പള്ളി സ്വദേശിനിയായ ഒരു യുവതിയും ജനുവരി ആദ്യംപുറപ്പെട്ടിരിക്കുന്നു.

* * * *

ബോംബെ രൂപതയുടെ വടക്കുഭാഗമായ കറാച്ചി മിഷൻ (സിൻഡ്—ബെല്ലൂചിസ്ഥാൻ) ഹോളണ്ടുകാരായ പ്രാൻസിസ്കൻ മിഷനറിമാരെ ഏല്പിച്ചിരിക്കുന്നു. തൽഫലമായി അവിടങ്ങളിൽ മിഷൻ വേല ചെയ്യുന്നതിനായി ചൈനായിൽ മിഷനറികളായിരുന്ന മൂന്നു പേരും കറാച്ചിയിൽ വന്നുചേർന്നിട്ടുണ്ട്. അടുത്തുതന്നെ ഹോളണ്ടിൽനിന്നും നാലു മിഷനറിമാരുകൂടി അവിടെ വന്നുചേരുന്നതായിരിക്കും.

* * * *

സിക്കിസംസ്ഥാനത്തെ നിപ്പാൾ, ടിബറ്റ് മുതലായ പ്രദേശങ്ങൾ ക്കുടിയ ഹിമാലയാരാജ്യത്തിൽ കുറഞ്ഞൊരുകാലമായി അനേകമാളുകൾ കത്തോലിക്കമതം സ്വീകരിച്ചുവരുന്നെന്നും ഒരു വലിയജനക്കൂട്ടം അടുത്തഭാവിയിൽത്തന്നെ കത്തോലിക്കമതം സ്വീകരിക്കാനിടയുണ്ടെന്നും അവിടത്തെ പ്രീഫെക്ചറപ്പസ്തോലിക്കാ തന്നെ ചില പത്രങ്ങളിലേയ്ക്കെഴുതിയിരിക്കുന്നു. മിഷൻവേലയ്ക്കുള്ള ആളുകളുടെ കുറവു മാത്രമാണ് ഈ മാനസാന്തരത്തിനൊരു വിഘ്നമായിരിക്കുന്നതെന്നും അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു.

* * * *

ഫാദർഡാഗ്നാടാ എന്നദ്ദേഹം വടക്കേ ആക്കാട്ടിൽ ഇക്കഴിഞ്ഞ മൂന്നുമാസത്തിനകം 400പേരെ ജ്ഞാനസ്നാനം കൊടുത്തു സഭയിൽ സ്വീകരിച്ചിരിക്കുന്നു. ഇതിനിടയാക്കിയസംഗതി വളരെ രസാവഹംതന്നെ. ഈ

സ്ഥലത്തു കുടിപ്പാൻ വെള്ളമില്ലാതെ ജനങ്ങൾ വിഷമിക്കുന്നതുകണ്ടു് ദയാലുവായി ഈ വൈദികൻ തന്റെ രണ്ടുകാളകളെ വിറ്റുകിട്ടിയ നാല്പതു രൂപാ ചെലവുചെയ്തു് ഒരു കിണർ കുഴിപ്പിച്ചുകൊടുത്തു് ആ സാധുക്കളുടെ കഷ്ടത കുറയ്ക്കുകയുണ്ടായി. അതിൽപ്പിന്നെ കുറേദിവസങ്ങൾ കഴിഞ്ഞശേഷം ആ ഗ്രാമവാസികൾ ഒന്നുചേർന്നു് ഈ വൈദികന്റെപക്കൽ വരുകയും ഈ ദുർഗ്രഹമഹാപ്രവൃത്തികൾക്കു പ്രേരിപ്പിക്കുന്നമതം തങ്ങൾക്കും സ്വീകരിക്കണമെന്നു് അവർ അദ്ദേഹത്തോടപേക്ഷിക്കയും ചെയ്തു. ഇതിൽ ആദ്യത്തെ അറുപതുപേരെ താൻകുഴിപ്പിച്ച കിണററിൽനിന്നുതന്നെ കോരിയെടുത്ത വെള്ളത്താൽ അദ്ദേഹം ജ്ഞാനസ്നാനപ്പെടുത്തുകയാണുണ്ടായതു്.

* * * *

സ്വദേശികളാൽ ഭരിക്കപ്പെടുന്ന പത്തു രൂപതകൾ ഇപ്പോൾ ഇൻഡ്യയിലുണ്ടു്. മലയാളത്തും അതിനു പുറമേയുമായി കർമ്മെലീത്താസഭക്കാർ മുതലായി പല നാട്ടു വൈദികസന്ന്യാസസഭക്കാർ മിഷ്യൻവേലയിൽ ഏർപ്പെട്ടിട്ടുണ്ടു്. ഗോവ, കണ്ണാടകം, തിരുവിതാംകൂർ മുതലായ മാന്യങ്ങളിൽനിന്നും പോയിട്ടുള്ള അനേകം വൈദികരും ഇൻഡ്യയിലേ ഓരോ സ്ഥലത്തും മിഷൻ ജോലിചെയ്യുന്നുണ്ടു്. കേരളത്തിൽനിന്നുതന്നെ ഈ അടുത്തകാലത്തു നൂറിലധികം യുവാക്കന്മാരും അതിലധികം യുവതികളും വേദപ്രചാരജോലിക്കായി ഓരോ സ്ഥാനങ്ങളിൽ പ്രവേശിച്ചിട്ടുണ്ടു്. ഇതുകൂടാതെ മംഗലപ്പുഴ സിമ്മനാരിയിൽനിന്നും വൈദികപട്ടംസ്വീകരിച്ച 8 പേർ കഴിഞ്ഞവർഷം ഇൻഡ്യൻ മിഷനിൽ ചേരുകയുണ്ടായി. ഇനിയും പല വൈദികരും വൈദിക വിദ്യാർത്ഥികളും ക്രിസ്തുരാജസേവനത്തിനായി നാടും വീടും ഉപേക്ഷിച്ചുപോകുന്നതിനൊരുങ്ങിയിട്ടുണ്ടെന്നാണറിവു്. എന്നാൽ ഇവരെയെല്ലാം സ്വീകരിക്കുന്നതിനു മിഷൻ അധികൃതന്മാർക്കു സൗകര്യമില്ലാതാണിരിക്കുന്നതെന്നു്, പല അപേക്ഷകരേയും സ്വീകരിക്കാതെവന്നിട്ടുള്ളതിൽനിന്നു നമുക്കനുമിക്കാം. ഇതിനു കാരണം മിഷൻവേലയ്ക്കു ആളുകളെ ആവശ്യമില്ലാത്തതല്ല, പ്രത്യുത, മറവു സംഘചയ്ക്കുള്ളടെ കുറവുമാത്രമാണു്.

ഇത്തരണത്തിൽ ഇൻഡ്യയ്ക്കു് പൊതുവായ ഒരു മിഷൻസിമ്മനാരിയും ഇംഗ്ലണ്ടിലേ "മിൽഹിൽ സഖ്യം"പോലെയുള്ള ഒരു വൈദികമിഷണറി സഖ്യവും എത്രകണ്ടു് അത്യാവശ്യമാണെന്നുള്ളതു് നമുക്കു ഊഹിക്കാം. ചില കത്തോലിക്കപത്രങ്ങൾ പ്രസ്താവിക്കുന്നതുപോലെ ഇക്കാര്യം ഭാരതമിഷൻ അധികൃതന്മാരുടെ ശ്രദ്ധയ്ക്കു വിഷയീഭവിച്ചിട്ടുണ്ടെന്നുള്ളതു് എത്രയും ശുഭോദർക്കംതന്നെ.

"കത്തോലിക്കപത്രത്തിന്റെ ഒരു പ്രതി ചിലക്കവാങ്ങുന്നതു്, വേദപ്രചാരാർത്ഥമുള്ള ഒരു സംഭാവനയോ, അതിനായിട്ടുള്ള ഒരു പ്രാർത്ഥനയോപോലെ തന്നെ ഒരു പുണ്യപ്രവൃത്തിയാകുന്നു"

മദ്രാസ് ആർച്ചുബിഷപ്പ്.

ലഘുപാപം.

(റവ. തോമ്മസ് പുത്തൻവീട്ടിൽ)

"മനുഷ്യർ സംസാരിക്കുന്ന ഓരോ അലസവചനത്തിനും വിധിദിവസം കണക്കു കൊടുക്കേണ്ടിവരും". (മത്താ. ൧൨–൩൬)

'തപസ്സ് അനുഷ്ഠിപ്പിൻ, അല്ലെങ്കിൽ നിങ്ങൾഎല്ലാവരും നശിക്കും' എന്ന ദിവ്യരക്ഷകന്റെ കല്പന നിറവേറ്റുന്നതിനുള്ള അവസരമായ നോമ്പുകാലം സമീപിച്ചിരിക്കുന്നു. മനുഷ്യൻ വിശേഷ ബുദ്ധിയുള്ള മൃഗമാണല്ലോ. ആകയാൽ അവന്റെ പ്രവൃത്തികളും ബുദ്ധിപൂർവ്വമാണ്. തന്നിമിത്തം നമ്മുടെ തപോനുഷ്ഠാനവും സുബുദ്ധിയുടേയും ചിന്താശീലത്തിന്റേയും ഫലമായിരിക്കണം. ജീവിതാംശത്തിൽ തപസ്സിനുള്ള പ്രാധാന്യം ഗ്രഹിക്കേണ്ടതു് അത്യാവശ്യമത്രെ. അല്ലെങ്കിൽ ഈ ഔഷധം ശരിയായി സേവിക്കുകയില്ല. ക്രൂടാതെ തപോവൃത്തി ഇത്ര ആവശ്യമായിത്തീർന്ന കാരണങ്ങളെപ്പറ്റി നന്നായി പര്യാലോചിക്കേണ്ടിയിരിക്കുന്നു. ഈ മൂലകാരണങ്ങളിൽ ഒന്നായ പാവദോഷത്തെപ്പറ്റി കുറഞ്ഞൊന്നു് ഉപന്യസിക്കുവാനാണു പ്രകൃതത്തിൽ തുനിയുന്നതു്.

പാവദോഷത്തിന്റെ സംഖ്യാധിക്യംനിമിത്തം അതിന്റെ ഗൌരവത്തെപ്പറ്റി സാധാരണ ആരും അത്യുഗാഢമായി ചിന്തിക്കാറില്ല. അതിപരിചയം മൂലം വിഷയമാഹാത്മ്യം വകവയ്ക്കാത്തതു മനുഷ്യസഹജമാണല്ലോ. ഈ ദുശ്ശീലം ലഘുപാപങ്ങളുടെ കാര്യത്തിലും ബാധിച്ചു എന്നോയുള്ളൂ. ഒരു വിധത്തിൽ, പാവദോഷത്തെക്കാൾ നമ്മുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതു പാവദോഷമാണ്. കാരണം, ൧) പാവദോഷത്തിന്റെ ഭയങ്കരത പ്രഥമദൃഷ്ടിയിൽതന്നെ വെളിപ്പെടുന്നതിനാൽ ഇതിൽ വീഴുന്നവരുടെ സംഖ്യയും വീഴുന്ന അവസരങ്ങളും താരതമ്യേന ചുരുക്കമായിരിക്കും. പ്രത്യുത, പാവദോഷം നിസ്സാരമായി ഗണിക്കുന്നതുകൊണ്ടു് ഇതു ചില സന്ദർഭങ്ങളിലെങ്കിലും പ്രവർത്തിക്കാത്തവർ മിക്കവാറും ഇല്ലെന്നതന്നെ പറയാം. ൨). പാവദോഷങ്ങളാണു മനുഷ്യരെ ക്രൂരതലായി വശീകരിക്കുന്നതു്. ൩). പാവദോഷത്തിന്റെ വശ്യതയും കൃതഘ്നതയും ശരിയായി ഗ്രഹിക്കുന്നവർ, പാവദോഷത്തോടു് ഈ തോതനുസരിച്ചു ക്രൂരതൽ വെറുപ്പു കാണിക്കും.

ഒരു പാപത്തിന്റെ ഭയങ്കരത ക്രൂടിയും കുറഞ്ഞുമിരിക്കുന്നതു് അതിന്റെ സ്വാഭാവിക വശ്യത്തംകൊണ്ടു മാത്രമല്ല, ആക്കേതിരായി പാപം ചെയ്യുവോ ആ ആളിന്റെ പ്രതാപാധിക്യമനുസരിച്ചുംക്രൂടിയാണു്. ഒരു സാധാരണ മനുഷ്യനെ വധിക്കുന്നതിനായി ദുരാലോചന ചെയ്യുന്നതു്

ഒരു ഭയങ്കര കുറ്റംതന്നെ. എന്നാൽ ഈ ആലോചന, ഒരു രാജാവിന്റെ വധത്തെപ്പറ്റിയാണെങ്കിൽ ഈ അപരാധത്തിന്റെ മാറ്റു വർദ്ധിക്കുന്നു. ഈ രണ്ടു പ്രവൃത്തികളും സ്വാഭാവികമായി ഒരേ തോതിൽപ്പെട്ടവയാണെങ്കിലും, ഈ പ്രവൃത്തികളും ആക്കെതിരായി ഉദ്ദേശിക്കപ്പെട്ടവയോ അവരുടെ സ്ഥിതിഭേദമനുസരിച്ചു ശിക്ഷ കൂട്ടുകയും കുറയുകയും ചെയ്യുന്നു. ഈ പ്രവൃത്തിതന്നെ അനന്തമഹിമയുള്ള ഒരാൾക്കെതിരായിട്ടാണെങ്കിൽ അതിന്റെ കാഠിന്യം നിശ്ചയിക്കാൻ പാടില്ല. സൃഷ്ടാവിനോടൊത്തുനോക്കിയാൽ 'സൃഷ്ടി ഇല്ലായ്മപോലെയാകുന്നു' എന്നതത്രെ വേദപുസ്തകം പറയുന്നതു്. അതുകൊണ്ടു അനുതാപമില്ലാത്തവിധം പ്രതാപവാനായ ദൈവത്തിനെതിരായിട്ടുള്ളതാകുന്നു എന്നറിയുമ്പോഴാണു് പാപദോഷത്തിന്റെ നിന്ദ്യത പ്രത്യക്ഷപ്പെടുന്നതു്.

ഇതിനെപ്പറ്റി എ. ബെല്ലേഴ്സ് എസ്. ജെ. എഴുതിയിരിക്കുന്നതു ശ്രദ്ധേയമാണു്. "ഒരു പാപദോഷംകൊണ്ടു സകല യുദ്ധങ്ങളും, പഞ്ഞവും, ജലപ്രളയവും, സുഖക്കേടുകളും സാംക്രമികരോഗങ്ങളും നിവാരണം ചെയ്യുകയും ശുദ്ധീകരണസ്ഥലത്തിലേയും നരകത്തിലേയും തീ കെടുത്തുകയും സകല ആപത്തുകളും തട്ടുകയും ചെയ്യാമെന്നിരുന്നാലും അങ്ങനെ ചെയ്യുവാൻ പാടില്ല. ഇപ്രകാരമുള്ള ഒരല്പപാപം മൂലം മനുഷ്യവംശത്തെ ആസകലം രക്ഷിച്ചു് സൃഷ്ടിക്കപ്പെട്ടതും സൃഷ്ടിക്കപ്പെടുവാനിരിക്കുന്നതുമായ സമസ്ത പുരുഷനേയും സ്ത്രീയേയും കുട്ടിയേയും നിത്യാനന്ദം അനുഭവിപ്പിക്കാമെന്നിരുന്നാലും ഈ ചെറിയ ദോഷംകൊണ്ടു നമ്മുടെ ആത്മാവിനെ കളങ്കപ്പെടുത്താൻ പാടില്ല. ഈ വിശ്വാസസത്യം നിഷേധിക്കുന്നതു ധിക്കാരമായിരിക്കും. എന്തുകൊണ്ടെന്നാൽ ഈ കഷ്ടപ്പാടുകളെല്ലാം സൃഷ്ടവസ്തുക്കളെ ബാധിക്കുന്നതായിരിക്കെ, ഒരല്പപാപംപോലും ചെയ്യുമ്പോൾ സ്രഷ്ടാവിന്റെ അധികാരത്തെ നിഷേധിക്കയാണു് നാം ചെയ്യുന്നതു്. ആകയാൽ സൃഷ്ടിയും സ്രഷ്ടാവും തമ്മിലുള്ളതുപോലെ മറ്റൊല്ലാ ക്ലേശങ്ങളും പാപവും തമ്മിൽ അന്തരമുണ്ടു്". (പുണ്യത്രിദിനം പേജു് 9). 'ആംഗ്ലേയരുടെ വിശ്വാസകർമ്മം' എന്ന ഗ്രന്ഥത്തിൽ ഈ വിഷയത്തെ പുരസ്കരിച്ചു് കാർഡിനൽ വൈമാൻ ഇപ്രകാരം പറയുന്നു:– "ഒരു ലഘുപാപം മൂലം ഒരു് ആത്മാവു മാലിന്യപ്പെടുന്നതിനെക്കാൾ നന്നു്, സൂര്യനും ചന്ദ്രനും ഭൂമിയുടെ ഉല്പാദകശക്തി നശിക്കയും ഭൂവാസികളും പഞ്ഞംകൊണ്ടു ചരമം പ്രാപിക്കയും ചെയ്യുന്നതാണു്".

സത്യസഭയുടെ ഏതുവിഷയത്തിലുള്ള പ്രബോധനം ഇത്ര ശക്തിമത്താണെങ്കിലും, നാം പച്ചവെള്ളംപോലെയാണു് ഈ നാരകീയവിഷം പാനം ചെയ്യുന്നതു്. മനുഷ്യകുലത്തിൽ പാപത്തിന്റെ നിഴൽപോലും

തട്ടാത്തതായി ദിവ്യജനനി മാത്രമേയുള്ളൂ. ഇതും ദൈവത്തിന്റെ പ്രത്യേക സഹായത്താലാണ്. മനുഷ്യരെപ്പറ്റി പൊതുവെ വി. ജെയിംസ് പറയുന്നതു് "അനേക സംഗതികളിൽ നാം കുറക്കാരാവുന്നു" എന്നത്രെ. (ജെ. ന. ൨.) "പാപം ചെയ്യാത്ത മനുഷ്യനില്ല" എന്നു് (രാജാ വ. ൮൬) രാജാക്കന്മാരുടെ മൂന്നാം പുസ്തകവും പറയുന്നു. "നമ്മുടെ അന്തഃകരണം ഈ വാക്കുകളുടെ യാഥാർത്ഥ്യത്തിനു സാക്ഷ്യം വഹിക്കുകയും, തന്റെ സന്ദർശനത്തിന്റെ സമയത്തു ഉയർത്തപ്പെടുന്നതിനായി നമ്മെത്തന്നെ ദൈവത്തിന്റെ ബലമേറിയ കരങ്ങളിൻകീഴു് എളിമപ്പെടുത്തുന്നതിനു് ഉപദേശിക്കുകയും ചെയ്യുന്നു. (൧ പത്രോ. ൫—സ).

ഈ വാസ്തവം ശരിയായി മനസ്സിലാക്കുന്നതിനു പാവദോഷങ്ങളെ രണ്ടു് ഇനമായി വേർതിരിക്കേണ്ടിയിരിക്കുന്നു. ക. പൂർണ്ണ ബോധത്തോടെ പ്രവർത്തിക്കുന്നവ. ഖ. ശ്രദ്ധക്കുറവു്, ബലഹീനത ഇവ മൂലവും, അതിവേഗത്തിലും ചപലതയാലും ചെയ്യുന്നവ. എല്ലാ മനുഷ്യരും പാപത്തിലകപ്പെട്ടുന്നു എന്നു പറയുമ്പോൾ ഈ രണ്ടാംതരം പാപങ്ങളേയാണു് ഉദ്ദേശിക്കുന്നതു്. ഹൃദയപൂർവ്വം പരിശ്രമിച്ചാൽ, പൂർണ്ണബോധത്തോടുകൂടി പ്രവർത്തിക്കുന്ന പാപങ്ങളിൽ നിന്നു് ഒഴിഞ്ഞിരിപ്പാൻ സാധിക്കുമെന്നു ദൈവശാസ്ത്രാഗ്രേസരന്മാർ രേഖപ്പെടുത്തിയിട്ടുണ്ടു്. നാം യഥാശക്തി ഇക്കാര്യത്തിൽ പ്രയത്നിക്കുന്നില്ലെന്നു് നമ്മുടെ പാപോച്ചാരണങ്ങളും തന്നെ മതിയായ തെളിവുകളാണു്. ഏറ്റം ചെറിയ ദോഷത്തിന്റെപോലും വിഷളത്തം, പരിമിതബുദ്ധികളായ നാം അറിയുന്നില്ല. 'സാരമില്ല; അതു് ഒരു പാവദോഷം മാത്രമാണു്' എന്നു പറഞ്ഞു നാം പലതും തള്ളിക്കളയുന്നു.

ഇവയെല്ലാം ശ്രദ്ധാപൂർവ്വം പരിശോധിച്ചാൽ, നമ്മുടെ ഈ ഉപേക്ഷയുടെ കാരണം മൂന്നു കൂട്ടങ്ങളാണെന്നു് വെളിപ്പെടും.

ക. പാവദോഷങ്ങളോടുള്ള നിത്യപരിചയം. ദിവസംപ്രതി അനേക പാവദോഷങ്ങളും പ്രവർത്തിക്കുന്നതായി നാം കാണുന്നു. കള്ളുകുടിയന്മാർ, കുലപാതകക്കാർ മുതലായവരെപ്പറ്റി നാം വർത്തമാനക്കടലാസുകളിൽ ധാരാളം വായിക്കുന്നു. ഈ വലിയകുറ്റങ്ങളും ലഘുപാപങ്ങളുടെ കാഠിന്യത്തെ നമ്മിൽ നിന്നു മാച്ചുകളയുകയത്രെ ചെയ്യുന്നതു്.

ഖ. വൈരാഗ്യകാരണം, നാം പ്രതിദിനം സഹവസിക്കുന്ന ലോകത്തിന്റെ മലിനതയാകുന്നു. സഹവാസം നിമിത്തം ദൈവത്തിന്റെ ശത്രുവായ ലോകത്തിന്റെ പല ദുരാശയങ്ങളും അറിയാതെതന്നെ നമ്മിൽ കടന്നു കൂടുന്നു. പാവദോഷത്തെ ലോകം അഗണ്യകോടിയിൽ തള്ളുന്നു. ഇതു ദോഷമല്ലെന്നപോലും തട്ടിമൂളിക്കാൻ അതു മടിക്കയില്ല ഏതാദൃശമായ ഭൗതികഗണങ്ങളോടുള്ള സംസർഗ്ഗം ഏതൊരു നിർമ്മലമനസ്സാക്ഷി

യുടേയും ശോഭകെടുത്തുന്ന ദൈവത്തിൽ നിന്നകന്നു് സൃഷ്ടവസ്തുക്കളോടടുക്കുമ്പോൾ ദോഷത്തോടുള്ള പൂർവ്വദ്വേഷത്തിനു് ഉടവു തട്ടുന്നു. നല്ല ഉരുക്കു നനവുള്ള സ്ഥലത്തു് കിടന്ന തുരുമ്പു പിടിക്കുന്നതുപോലെ ഈ ലൗകികാരൂപി സംക്രമിക്കുന്ന ആത്മാവിനും സംഭവിക്കുന്നു. ഇപ്രകാരം വരാതിരിക്കേണമെങ്കിൽ, "ലോകജ്ഞാനം, ദൈവദൃഷ്ടികളിൽ മൗഢ്യമാവുന്നു" എന്നുള്ള അപ്പസ്തോല വാക്യം സദാ നമ്മുടെ ബോധത്തിൽ പതിഞ്ഞിരിക്കേണ്ടതാകുന്നു. (തുടരും)

കുറിപ്പുകൾ.

എഡ്യൂക്കേഷണൽ കൌൺസിൽ

മദ്രാസു പ്രസിഡൻസിയിലെ കത്തോലിക്കാ വിദ്യാഭ്യാസ സമിതിയുടെ 6-ാമത്തെ പൊതുയോഗം നെല്ലൂർ മെത്രാൻ ഡാക്ടർ ബൗട്ടർ തിരുമനസ്സിലെ അദ്ധ്യക്ഷത്തിൽ ഇക്കഴിഞ്ഞ ഡിസംബർ 30-ാം തീയതി മദ്രാസിൽവച്ചു നടത്തപ്പെട്ടിരിക്കുന്നു.

എം. സി. വൈ. എൽ.

മാർ ഈവാനിയോസു മെത്രാപ്പോലീത്താ തിരുമനസ്സിലെ സഹായാനുമതികളോടുകൂടി മലബാർ കത്തോലിക്കാ യൂത്തു ലീഗിന്റെ ഒരു സെൻറർ തിരുവനന്തപുരത്തു് സമാരംഭിച്ചിരിക്കുന്നു. റവ ഫാദർ സക്കറിയാസു പൂവത്തിങ്കൽ അദ്ധ്യാത്മികോപദേഷ്ടാവായിരിക്കുന്ന ഈ സംഘത്തിൽ ഇപ്പോൾ എഴുപതംഗങ്ങളും ചേർന്നു കഴിഞ്ഞിട്ടുണ്ടു്.

ഹോളണ്ടുരാജ്യം.

ഒരു പ്രോട്ടസ്റ്റൻറു രാജ്യമായ ഹോളണ്ടിലേ ജനസംഖ്യയിൽ ഭൂരിപക്ഷവും കത്തോലിക്കരാണു്. അവിടത്തെ നിവാസികളിൽ 80 വയസ്സിനു മേലുള്ളവരെല്ലാംതന്നെ കത്തോലിക്കരാണെന്നുകൂടി കാണുന്നുണ്ടു്. എന്നാൽ അൻപതുവർഷം മുൻപു യാതൊരു മതവിശ്വാസവുമില്ലാത്തവർ പന്തീരായിരമായിരുന്നെങ്കിലും ഇപ്പോഴവരുടെ സംഖ്യ 4,14,000 മായി വർദ്ധിച്ചിട്ടുണ്ടു്.

പുതിയ ക്ലാരമഠം

ചങ്ങനാശേരി ക്ലാരമഠം വകയ്ക്കു നവീനമായി പണിതീർത്ത കെട്ടിടത്തിന്റെ വെഞ്ചരിപ്പും ഉദ്ഘാടനകർമ്മവും ശ്രീമതിയുടെ നാനാഭാഗത്തുനിന്നും വന്നിരുന്ന ഒട്ടധികം വൈദികരുടേയും കന്യാസ്ത്രീകളുടേയും വൻപിച്ച മറ്റു ജനസാമാന്യത്തിന്റേയും സാന്നിദ്ധ്യസഹകരണത്തോടുകൂടി മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു സാഘോഷം നിർവ്വഹിച്ചിരിക്കുന്നു. മഠത്തോടനുബന്ധിച്ചു് നിരാലംബരുടെ സംരക്ഷണത്തിനായി പൊതുജനസഹായത്തോടുകൂടി ഒരനാഥശാലയും ഉദ്ഘാടനംചെയ്യപ്പെട്ടിട്ടുണ്ടു്.

ആയുസ്സിന്റെ ദൈർഘ്യം.

ദേശകാലസ്ഥിതികളുടേയും ദൈനംദിനമുള്ള പ്രവൃത്തികളുടേയും വ്യതിയാനമനുസരിച്ചു മനുഷ്യായുസ്സ് കൂടിയും കുറഞ്ഞുമിരിക്കും. സ്റ്റാൻഡാർഡ് ജീവൻ പ്രവൃത്തി ചെയ്യുന്ന മിഷ്യണറിമാർ 50 വയസ്സിൽ കൂടുതൽ ജീവിച്ചിരിക്കുന്നില്ലെന്നു കാണുന്നു. ഈ ഹ്രസ്വായുസ്സ് ആ ദേശസ്ഥിതിയുടേയും അവരുടെ പ്രവൃത്തികാഠിന്യത്തിന്റേയും ഫലമായിരിക്കും.

കത്തോലിക്കാ കോൺഗ്രസ്സ്.

അഖിലേന്ത്യാ കത്തോലിക്കാ കോൺഗ്രസ്സ് മദ്രാസിലേ ലെയോളാ കോളേജിൽവച്ച് ഡലിഗറേറ്റ് അപ്പസ്തോലിക്കാ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കഴിഞ്ഞുകൂടിയിരിക്കുന്നു. ഭാരതമിഷ്യന്റെ സർവ്വപ്രധാനമായ ഉദ്ദേശ്യം കത്തോലിക്കരിലും മറ്റുള്ളവരിലും കത്തോലിക്കാ വിശ്വാസപ്രചാരമാണെന്ന് തിരുമനസ്സുകൊണ്ടു കോൺഗ്രസ്സുമുഖേന പ്രകടമായി പ്രസ്താവിക്കയുണ്ടായി.

കോൺഗ്രസ്സിനോടനുബന്ധിച്ചുണ്ടായിരുന്ന കലകളും വ്യവസായവും സംബന്ധിച്ചുള്ള പ്രദർശനം ഉദ്ഘാടനം ചെയ്തുകൊണ്ടു മദ്രാസു മെത്രാപ്പോലീത്താ ഡാക്ടർ മെഡ്‌ലറോറ തിരുമനസ്സുകൊണ്ടു സാങ്കേതികവും വ്യവസായികവുമായ സ്ഥാപനങ്ങളുടെ അടിവലിച്ചുകൊണ്ടു മാത്രമേ നമ്മുടെ യുവാക്കന്മാരുടെയിടയിലുള്ള തൊഴിലില്ലായ്മ മാറുകയുള്ളൂ എന്നു പ്രത്യേകം പറകയുണ്ടായി.

സെൻറ് ജർമ്മാനിയായുടെ അനാഥശാല.

ചങ്ങനാശ്ശേരി ക്ലാരമഠത്തോടനുബന്ധിച്ച് നടത്തിവരുന്ന സെൻറ് ജർമ്മാനിയായുടെ അനാഥശാലയിൽ ഏതാനും പെൺകുട്ടികളെ എടുക്കുന്നതാണ്. പരീക്ഷയിൽ അനാഥകളെന്ന് ഇടവക വികാരിയുടെ സാക്ഷ്യപത്രത്തോടുകൂടെ വരുന്നവർക്കു മാത്രമേ പ്രവേശനമുള്ളൂ.

ക്ലാരസഭാദ്ധ്യക്ഷ.
ചങ്ങനാശ്ശേരി.

കൂട്ടേരിക്കാര്യം.

I. ബ. അച്ചന്മാരുടെ സ്ഥലംമാറ്റം.

1. വെള്ളാപ്പള്ളിൽ ബ. ഗീവറുഗീസച്ചൻ, എടത്വാപ്പള്ളി വികാരി.
2. പുളിയ്ക്കപ്പറമ്പിൽ ബ. മത്തായി അച്ചൻ, നെടുംകുന്നംപള്ളി "

II. SOLUTIO CASUS CONSCIENTIAE No. 2.

Quaeritur: An damna, a Petro illata in ebrietate sint illi imputanda, ideoque ad ea reparanda teneatur ?

Resp. Petro imputanda sunt damna in ebrietate illata, quia damna sunt vere voluntaria et sufficienter praevisa in ipsa causa, saltem in confuso. Voluit enim Petrus Matheo damnum inferre, et bibit cum periculo ebrietatis, cum esset de more bibulus. Insuper censetur praevidisse implicite saltem se in statu ebrietatis damna illaturum esse; quia non poterat ignorare, se potu furiosum evadere, ac posse alicui nocere. Ergo Petrus neque ab obligatione damma reparandi excusandus est.

CASUS CONSCIENTIAE No. 4.

Ayappan, dum in publico hospitio diversatur, improviso morbo correptus, in proximo vitae periculo constituitur. Advocatus parochus, ut illi sensibus jam destituto absolutionem impertiatur, (nam Ayappan credebatur fuisse catholicus) edocetur ab infirmi amico, qui inopinato adest, eum esse religione paganum. Qui simul testatur, Ayappan nihilominus de religione christiana bene sentire: imo et eumdem non semel audivisse exclamantem: "baptismum libenter reciperem, si patris indignationem non metuerem". His auditis, parochus illi baptismum confert.

Paulo post infirmus ad sensus redit et certior factus de baptismi collatione, eam ratam habet Compositis deinde cum patre negotiis, coram parocho se catholicum proclamat.

Quaeritur:

An Ayappan fuerit valide baptizatus? Ratio?

മദ്ധ്യസ്ഥൻ ബുക്ക്ഡിപ്പോ

ചങ്ങനാശ്ശേരി.

വില്പനയ്ക്കുള്ള പുതിയ പുസ്തകങ്ങൾ.

	Rs.	As.	Ps.
A Pastorl Guide.	1	10	0
Life of Jesus in Our Souls	0	6	0
Sacred History of the Old & New Testaments	1	0	0
Catholic Church History	0	12	0
Eucharistic Worship.	0	3	0
Cannon Law for Laymen	0	12	0
Heart of Christ to the Heart of India.	1	4	0
Mother of Apostles.	0	6	0
Veronica	0	12	0
Refuge of Sinners.	0	8	0
Annunciation.	0	3	0
ചണ്ഡാളപുത്രി	0	12	0
ഗീതാവലി	0	8	0
കവിതാരാമം	0	7	0
കനകംമൂലം	1	0	0
ഈശപ്രസാദം	0	5	0
ചെറുപുഷ്പത്തിന്റെ ബാല്യകാലസ്മരണകൾ	0	2	0
ആതങ്കം	0	2	0
മാർത്താണ്ഡമാതാ	0	4	0
സുവർണ്ണകമലം	0	6	0
പത്താംപീയൂസ് ചാപ്പ്ലാ	0	6	0
കത്തോലിക്കു മിഷൻ	0	6	0
തീർത്ഥയാത്രാസ്മരണകൾ	0	6	0
പരിശുദ്ധാത്മപി	0	7	0
ഒരു കർത്താവും ഒരു വിശ്വാസവും	0	6	0
തിരുകർത്തവണക്കം	0	4	6
ജ്ഞാനപൂന്തോപ്പ് (കവർ തുകൽ)	1	0	0
ടി സാധാരണ തുകൽ	0	12	0
ഒരുമണി ആരാധന പാട്ടുകൾ	0	0	6
മനുഷ്യപുത്രൻ	1	0	0
പന്തക്കുസ്താ നവനാൾ	0	1	9
ക്രിസ്തീയവേദോപദേശസംക്ഷേപം	0	2	0
ടി ഒന്നാം ഭാഗം തനിച്ച്	0	1	0

Reg. No. T. 21.

പഞ്ചാംഗം.

1934 ഫെബ്രുവരി — മകരം—കുംഭം 1109.

നമ്മുടെ കർത്താവിന്റെ പാടുപീഡകളുടെ മാസം.

1	19	വ്യാ	അ. വേ. അഗാത്തിസ്	(ഇ. വി.)	ചൂ
2	20	വെ	✠ എ. ഭാ. ക. മരി. ശുദ്ധീകരണം		വെ
3	21	ശ	അ. വേ. ബ്ളാസിയോസ്		ചൂ
4	22	ഞാ	✠ 60–ാം തൊ.	ഹ. 5 ഹ.	റോ
5	23	തി	ക. വേ. അഗത്താ		ചൂ
6	24	ചൊ	ക. വേ. തൊറൊത്തേയാ		ചൂ
		☞	11–ാം പീയൂസ് മാപ്പാപ്പാ തിരുമനസ്സിലെ തിരഞ്ഞെടുപ്പ്		
7	25	ബു	ആബാ റൊമുവാൾദോസ്		വെ
8	26	വ്യാ	മൊ. യോഹന്നാൻ മാത്താ.		വെ
9	27	വെ	ക. വേ. അപ്പോളോനിയാ		ചൂ
10	28	ശ	ക. സ്ക്കൊളാസ്തിക്കാ		വെ
11	29	ഞാ	✠ 50–ാം തൊ.	ക. 1. ക.	റോ
		☞	ഇന്ന പാതിരാവിൽ അമ്പതു നോമ്പ് തുടങ്ങുന്നു.		
12	1	തി	പാ. മൊ. ദ്യോനിസ്യോസ്		വെ
		☞	11–ാം പീയൂസ് മാപ്പാപ്പാ തിരുമനസ്സിലെ കിരീടധാരണം.		
13	2	ചൊ	അ. മൊ. ഹിലാരിയോസ്		വെ
14	3	ബു	കെത്ത് മാ.		റോ
15	4	വ്യാ	വേ. ഫൗസ്തീനോസും ജയാവിത്തായും		ചൂ
16	5	വെ	ന. ക. മുൾമുടി	(ഒ. നേ.)	ചൂ
			വേ. യോഹന്നാൻ ഖിത്താ.		ചൂ
17	6	ശ			റോ
18	7	ഞാ	✠ നോമ്പ് 1–ാം തൊ.	ഹ. 2. മെ.	റോ
19	8	തി			റോ
20	9	ചൊ			റോ
21	10	ബു	ചതുഷ്കാലം	(പട്ടം)	റോ
22	11	വ്യാ	ശ്ലീ. പത്രോസ് അന്ത്യോക്യാ സിംഹാ.		വെ
23	12	വെ	ന. ക. കന്തം, ആണി	(ഒ. [illegible])	ചൂ
			ശ്ലീ. മത്യാ തലേനാൾ		റോ
			അ. മൊ. മല്പാൻ പത്രോസ് ഭമിയാ.		വെ
24	13	ശ	ശ്ലീ. മത്യാ		ചൂ
25	14	ഞാ	✠ നോമ്പ് 2–ാം തൊ.	ക. 3. ക	റോ.
26	15	തി			റോ
		☞	കോട്ടയം മെത്രാനച്ചൻ തിരുമനസ്സിലെ നാമകരണൻ.		
27	16	ചൊ			റോ
28	17	ബു			റോ

Printed and published by Rev. Fr. Mathew Alakalam
at the S. J. O. Press, Changanacherry.